2024 DECEMBER
27
FRIDAY

# സൊസൈറ്റി ടുഡേ

SOCIETY TODAY

www.societytodaynews.com

e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## പൊതുമേഖലാ സ്ഥാപനങ്ങളിലെ ലാഭവിഹിതത്തിൽ വൻ വർധന

**ന്യൂദൽഹി:** പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് ഈ വർഷവും കേന്ദ്രത്തെ കാത്തിരിക്കുന്നത് പ്രതീക്ഷകളെ മറികടക്കുന്ന ലാഭവിഹിതം. തുടർച്ചയായ രണ്ടാംവർഷവും ലാഭവിഹിതം 60,000 കോടി രൂപ ഭേദിക്കുമെന്നാണ് വിലയിരുത്തലുകൾ. കഴിഞ്ഞ സാമ്പത്തിക വർഷം (202324) 50,000 കോടി രൂപ പ്രതീക്ഷിച്ചയിടത്ത് 62,929.27 കോടി രൂപ ലഭിച്ചിരുന്നു. നടപ്പുവർഷത്തെ പ്രതീക്ഷ 56,000 കോടി രൂപയാണ്. എന്നാൽ, ഇതും 60,000 കോടിക്ക് മുകളിൽ എത്തിയേക്കും. ഇതിനകം തന്നെ ഈ വർഷം കേന്ദ്രം 48,000 കോടി രൂപ നേടിക്കഴിഞ്ഞു.

നടപ്പുവർഷത്തെ ആദ്യ രണ്ടുപാദങ്ങളിൽ (ഏപ്രിൽജൂൺ, ജൂലൈ സെപ്റ്റംബർ) പൊതുവേ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ മികച്ച പ്രവർത്തനഫലമാണ് പുറത്തുവിട്ടത്. എണ്ണ, കൽക്കരി, ഊർജ മേഖലകളിലെ സ്ഥാപനങ്ങൾ കൂടുതൽ മികവ് കാട്ടിയിട്ടുമുണ്ട്. ഈ കമ്പനികളിൽ നിന്നാണ് നടപ്പുവർഷവും കൂടുതൽ ലാഭവിഹിത പ്രതീക്ഷ.

എണ്ണക്കമ്പനികളുടെ കയറ്റുമതി നേട്ട നികുതി (വിൻഡ്ഫോൾ ടാക്സ്) കേന്ദ്രം അടുത്തിടെ നിർത്തലാക്കിയിരുന്നു. ഇതും കമ്പനികളുടെ പ്രവർത്തനഫലം കൂടുതൽ മികച്ചതാകാൻ സഹായിക്കുമെന്ന് കരുതുന്നതായി റിപ്പോർട്ട് വ്യക്തമാക്കുന്നു.

കേന്ദ്രത്തിന് ഇതും ഉയർന്ന ലാഭവിഹിതത്തിനുള്ള വഴിതുറന്നേക്കും. ഓരോ കേന്ദ്ര പൊതുമേഖലാ സ്ഥാപനവും നികുതിക്കുശേഷമുള്ള ലാഭത്തിന്റെ 30% അല്ലെങ്കിൽ അറ്റമൂല്യത്തിന്റെ 4% ലാഭവിഹിതമായി നൽകണമെന്നാണ് കഴിഞ്ഞമാസം പുതുക്കിയ ലാഭവിഹിത നയത്തിലൂടെ കേന്ദ്രം വ്യക്തമാക്കിയത്. ലാഭം, അറ്റമൂല്യം ഇതിൽ ഏതാണോ വലുത് അതിന്റെ പങ്കാണ് കേന്ദ്രത്തിന് നൽകേണ്ടത്.

2022, 23ൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് കേന്ദ്രത്തിന് കിട്ടിയ ലാഭവിഹിതം 59,952.84 കോടി രൂപയായിരുന്നു. ഒഎൻജിസി, കോൾ ഇന്ത്യ, പവർഗ്രിഡ് കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ ഏയറോനോട്ടിക്സ്, ഗെയിൽ തുടങ്ങിയവയാണ് ലാഭവിഹിതം നൽകുന്നതിൽ മുന്നിട്ടുനിൽക്കുന്ന കമ്പനികൾ.

കഴിഞ്ഞ സാമ്പത്തിക വർഷം (202324) പൊതുമേഖലാ സ്ഥാപനങ്ങൾ ആകെ 1.23 ലക്ഷം കോടി രൂപയാണ് ലാഭവിഹിതമായി പ്രഖ്യാപിച്ചത്.

ഇത് കേന്ദ്രത്തിന് പുറമേ പൊതു ഓഹരി ഉടമകൾക്ക് കൂടിയുള്ളതാണ്. ഇതിൽ നിന്നാണ് കേന്ദ്രത്തിന് 63,000 കോടിയോളം രൂപ ലഭിച്ചത്. 202223ൽ ലാഭവിഹിത പ്രഖ്യാപനം 1.05 ലക്ഷം കോടി രൂപയായിരുന്നു.

66 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രമാണ് ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്തിട്ടുള്ളതെന്നതിനാൽ, ഇവയിൽ നിന്നുള്ള ലാഭവിഹിതം മാത്രമാണ് പൊതു ഓഹരി നിക്ഷേപകർക്കും ലഭിക്കുക. മറ്റ് 150ലേറെ കമ്പനികളിൽ നിന്നുള്ള ലാഭവിഹിതം പൂർണമായി നേടുന്നത് കേന്ദ്രസർക്കാരാണ്.

## മുൻ പ്രധാനമന്ത്രി മൻമോഹൻ സിങ് അന്തരിച്ചു



**ന്യൂഡൽഹി:** മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ് (92) അന്തരിച്ചു. വ്യാഴാഴ്ച രാത്രിയോടെ ഡൽഹിയിലെ വസതിയിൽ കുഴഞ്ഞുവീണ അദ്ദേഹത്തെ ഉടൻ എയിംസിലെ തീവ്രപരിചരണ വിഭാഗത്തിൽ പ്രവേശിപ്പിച്ചെങ്കിലും മരണം സംഭവിക്കുകയായിരുന്നു. ഇക്കഴിഞ്ഞ ഏപ്രിലിലാണ് 33 വർഷക്കാലത്തെ സേവനത്തിന് ശേഷം മൻമോഹൻ സിങ് രാജ്യസഭയിൽ നിന്ന് വിരമിച്ചത്. 200414 കാലഘട്ടത്തിൽ തുടർച്ചയായി രണ്ടു തവണ ഇന്ത്യൻ പ്രധാനമന്ത്രിയായും അദ്ദേഹം സേവനമനുഷ്ഠിച്ചു.

ഇന്ത്യയിൽ ഉദാരവൽക്കരണത്തിന്റെ ഉപജ്ഞാതാവായി വിശേഷിപ്പിക്കപ്പെടുന്ന പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞൻ കൂടിയായ മൻമോഹൻ സിങ് ഇന്ത്യൻ രാഷ്ട്രീയത്തിലെ സൗമ്യമുഖമായാണ് അറിയപ്പെട്ടിരുന്നത്. റിസർവ് ബാങ്ക് ഗവർണറായും (1982 85), രാജ്യാന്തര നാണ്യനിധിയുടെ ഇന്ത്യയിലെ ഡയറക്ടറായും (1985), ആസൂത്രണ കമ്മിഷൻ ഉപാധ്യക്ഷനായും, നരസിംഹ റാവു മന്ത്രിസഭയിൽ ധനമന്ത്രിയായും രാജ്യസഭാ പ്രതിപക്ഷ നേതാവായും, യുജിസി അധ്യക്ഷ പദവിയിലും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1987ൽ രാജ്യം അദ്ദേഹത്തെ പത്മവിഭൂഷൺ നൽകി ആദരിച്ചിട്ടുണ്ട്. ഭാര്യ: ഗുർശരൺ കൗർ. മക്കൾ: ഉപിന്ദർ സിങ്, ദമൻ സിങ്, അമൃത് സിങ്.

## എംടിക്ക് വിടയേകി മലയാളം...



**കോഴിക്കോട്:** മലയാളത്തിൻറെ ഇതിഹാസം എം.ടി. വാസുദേവൻ നായർ നിത്യതയിലലിഞ്ഞു. ബുധനാഴ്ച രാത്രി 10 മണിയോടെ ബേബി മെമ്മോറിയൽ ആശുപത്രിയിൽ അന്തരിച്ച അദ്ദേഹത്തിൻറെ ഭൗതികദേഹം കോഴിക്കോട് നടക്കാവിലെ സിതാര എന്ന വസതിയിൽ രാത്രി തന്നെ എത്തിച്ച് വൈകിട്ടു 4 വരെ തുടർന്ന അന്ത്യദർശനത്തിന് ശേഷം മാവൂർ റോഡ് സ്മൃതിപഥം ശ്മശാനത്തിൽ ഔദ്യോഗിക ബഹുമതികളോടെ വൈകീട്ട് 5 മണിയോടെയായിരുന്നു സംസ്കാരം.

സഹോദരൻറെ മകൻ ടി. സതീശൻ ചിതയ്ക്ക് തീകൊളുത്തി. മകൾ അശ്വതി, മരുമക്കളായ എം.ടി. രാമകൃഷ്ണൻ, എം.ടി. രാജീവ്, ബന്ധുക്കളായ മോഹൻ നായർ, ദീപു മോഹൻ, ടി. സതീശൻ എന്നിവർ ചേർന്നാണ് മതപരമായ അന്ത്യകർമങ്ങൾ നിർവഹിച്ചത്. ഞായറാഴ്ചയാണ് സഞ്ചയനം.

എം.ടിയുടെ വീടായ 'സിതാര'യിൽ ഒരു രാത്രിയും ഒരു പകലും നീണ്ട പൊതുദർശനം വൈകീട്ട് 3.28ന് പൊതുദർശനം അവസാനിച്ചു. 4 മണിയോടെ അവസാനമായി അദ്ദേഹം സിതാരയുടെ പടിയിറങ്ങി. 4.20ന് ഭൗതികശരീരം വഹിച്ച് ആംബുലൻസ് പുറപ്പെട്ടു. 5 മണിയോടെ ശ്മശാനത്തിൽ സംസ്കാരച്ചടങ്ങുകൾ ആരംഭിച്ചു. അന്ത്യാഞ്ജലി അർപ്പിക്കാൻ ആയിരങ്ങൾ ഒഴുകിയെത്തി.

തൻറെ ഭൗതിക ശരീരംപൊതുദർശനത്തിന് വച്ച് ആളുകളെ ബുദ്ധിമുട്ടിക്കരുതെന്നും റോഡുകളിൽ വാഹനഗതാഗതം തടസപ്പെടരുതെന്നും കർശനമായി പറഞ്ഞ എം.ടിയുടെ ആഗ്രഹത്തിനൊപ്പം കുടുംബം നിന്നെങ്കിലും എം.ടിയുടെ സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും സ്നേഹപൂർവമായ സമ്മർദത്തിന് വഴങ്ങി സിത്താരയുടെ വാതിലുകൾ തുറക്കപ്പെട്ടു.

എംടിയുടെ നിര്യാണത്തോടെ സാഹിത്യ ലോകം കൂടുതൽ ദരിദ്രമായിരിക്കുന്നു എന്ന് രാഷ്ട്രപതി ദ്രൗപദി മുർമുവും പാർശ്വവത്കരിക്കപ്പെട്ടവർക്കും നിശബ്ദരാക്കപ്പെട്ടവർക്കും അദ്ദേഹം ശബ്ദമായിരുന്നു എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയും അനുശോചിച്ചു.



# ഇന്ദിരാഗാന്ധി ആശുപത്രിക്ക് എൻഎബിഎച്ച് അംഗീകാരം

**കൊച്ചി:** എൻഎബിഎച്ച് അംഗീകാരം നേടി സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളുടെ നിരയിലേക്ക് എറണാകുളം ഇന്ദിരാഗാന്ധി കോഓപ്പറേറ്റീവ് ഹോസ്പിറ്റലും. എൻഎബിഎച്ച് സർട്ടിഫിക്കറ്റിന്റെ അനാച്ഛാദനം നാളെ (സെപ്തംബർ 28, ശനി) ഉച്ചയ്ക്ക് 12.30 ന് ആശുപത്രി അങ്കണത്തിൽ നടക്കുന്ന ചടങ്ങിൽ പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ നിർവ്വഹിക്കും. ആശുപത്രി പ്രസിഡന്റ് എം.ഒ ജോൺ അധ്യക്ഷത വഹിക്കും. എം.പി മാരായ ഹൈബി ഈഡൻ, ജെബി മേത്തർ, എം.എൽ.എമാരായ ടി.ജെ വിനോദ്, ഉമാ തോമസ്, ആശുപത്രി വൈസ് പ്രസിഡന്റ് ബി.എ അബ്ദുൾ മുത്തലിബ്, കോഓപ്പറേറ്റീവ് സൊസൈറ്റി ജോയിന്റ് രജിസ്ട്രാർ ജോസൽ ഫ്രാൻസിസ് തോപ്പിൽ, തുടങ്ങിയവർ സംസാരിക്കും. ലോകനിലവാരത്തിലുള്ള സൗകര്യങ്ങളോടു കൂടിയുള്ള മികച്ച രോഗീസൗഹൃദ ആശുപത്രിയെന്ന പരിഗണനയിലാണ് ഇന്ദിരാഗാന്ധി സഹകരണാശുപത്രിക്ക് എൻഎബിഎച്ച് അംഗീകാരം ലഭിച്ചിരിക്കുന്നതെന്നും, സഹകരണ മേഖലയിലെ ആദ്യ ആശുപത്രിയാണെന്നും സെക്രട്ടറി അജയ് തറയിൽ പറഞ്ഞു.

# കുടുംബശ്രീ വ്ളോഗ്, റീൽസ് മത്സരം : എൻട്രികൾ ക്ഷണിച്ചു

**തിരുവനന്തപുരം:** കുടുംബശ്രീ വ്ലോഗ്, റീൽസ് മത്സരം രണ്ടാം സീസണിലേക്ക് എൻട്രികൾ ക്ഷണിച്ചു. കുടുംബശ്രീ മുഖേന കേരളത്തിൽ നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങൾ വിഷയമാക്കിയുള്ള വീഡിയോകളാണ് മത്സരത്തിന് പരിഗണിക്കുന്നത്. വീഡിയോകൾ ജനുവരി 30ന് മുൻപായി ലഭിക്കണം. അഞ്ച് മിനിറ്റിൽ കവിയാത്ത വീഡിയോയാണ് വ്ലോഗ് മത്സരത്തിലേക്ക് അയക്കേണ്ടത്. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിലെത്തുന്നവർക്ക് യഥാക്രമം 50,000, 40,000, 30,000 രൂപ വീതം ക്യാഷ് പ്രൈസും ട്രോഫിയും സർട്ടിഫിക്കറ്റും സമ്മാനമായി ലഭിക്കും. റീൽസ് മത്സരത്തിലേക്ക് ഒരു മിനിറ്റിൽ കവിയാത്ത വീഡിയോയാണ് പരിഗണിക്കുന്നത്. വിജയികളായ ആദ്യ മൂന്ന് സ്ഥാനങ്ങളിലെത്തുന്നവർക്ക് യഥാക്രമം 25,000, 20,000, 15,000 രൂപ വീതവും ട്രോഫിയും സർട്ടിഫിക്കറ്റും ലഭിക്കും. വീഡിയോകൾ സി.ഡിയിലോ പെൻഡ്രൈവിലോ ആക്കി പബ്ലിക് റിലേഷൻസ് ഓഫീസർ, കുടുംബശ്രീ സംസ്ഥാന മിഷൻ, ട്രിഡ ബിൽഡിങ് രണ്ടാം നില, മെഡിക്കൽ കോളേജ് പി.ഒ, തിരുവനന്തപുരം 695011 എന്ന വിലാസത്തിലേക്ക് അയക്കണം. കവറിന് പുറത്ത് വ്ളോഗ്, റീൽസ് മത്സരം എന്ന് രേഖപ്പെടുത്തിയിരിക്കണം. നിബന്ധനകൾക്ക് www. kudumbashree.org/vlog-reels2025 ലിങ്ക് സന്ദർശിക്കുക.

# വസന്തോത്സവത്തിന് തുടക്കം

**തിരുവനന്തപുരം:** തലസ്ഥാന നഗരത്തിലെ ക്രിസ്മസ് പുതുവത്സരാഘോഷങ്ങൾക്ക് ആനന്ദ രാവുകൾ സമ്മാനിച്ച് കനകക്കുന്നിൽ വസന്തോത്സവത്തിന് തുടക്കമായി. പൊതുമരാമത്ത് വിനോദസഞ്ചാരവകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ് പുഷ്പമേളയുടെയും ലൈറ്റ് ഷോയുടെയും ഉദ്ഘാടനം നിർവഹിച്ചു.

ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ സംസ്ഥാനത്ത് സർവ്വകാല റെക്കോർഡ് നേട്ടം കൈവരിച്ച വർഷമാണ് 2024 എന്ന് മന്ത്രി പറഞ്ഞു. വസന്തോത്സവം ഉൾപ്പെടെയുള്ള നിരവധി ഫെസ്റ്റുകളും കൂട്ടായ്മകളും ആണ് അതിനു സഹായിച്ചത്. ഇത്തവണ പുതുവത്സരം ഗംഭീരമാക്കാൻ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ സഞ്ചാരികളെ ആകർഷിക്കാൻ നിരവധി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.വികെ പ്രശാന്ത് എം എൽ എ അധ്യക്ഷനായി. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ അനിൽ മുഖ്യാതിഥിയായിരുന്നു. ഐ ബി സതീഷ് എം എൽ എ, കോർപ്പറേഷൻ മേയർ ആര്യാ രാജേന്ദ്രൻ, എ.എ റഹിം എം പി, ടൂറിസം വകുപ്പ് സെക്രട്ടറി കെ. ബിജു, ടൂറിസം വകുപ്പ് ഡയറക്ടർ ശിഖ സുരേന്ദ്രൻ, അഡീഷണൽ ഡയറക്ടർ പി. വിഷ്ണു രാജ്, ഡി.ടി.പി.സി സെക്രട്ടറി സതീഷ് മിറാൻഡ എന്നിവരും പങ്കെടുത്തു.

ഇലുമിനേറ്റിങ് ജോയ്, സ്പ്രെഡിങ് ഹാർമണി എന്ന പേരിൽ ലൈറ്റ് ഷോയും വിപുലമായ പുഷ്പോത്സവവുമാണ് കനകക്കുന്നിൽ സംഘടിപ്പിക്കുന്നത്. ജനുവരി മൂന്ന് വരെ വസന്തോത്സവം നീണ്ട് നിൽക്കും. കേരളത്തിന് പുറത്ത് നിന്നെത്തിക്കുന്ന പുഷ്പങ്ങൾ ഉൾപ്പെടെ ക്യൂറേറ്റ് ചെയ്ത ഫ്ളവർ ഷോയാണ് പരിപാടിയുടെ മുഖ്യ ആകർഷണം. കനകക്കുന്നും പരിസരവും ദീപാലങ്കാരം ചെയ്യുന്നതിനൊപ്പം ട്രേഡ് ഫെയർ, ഫുഡ് കോർട്ട്, അമ്യൂസ്മെന്റ് പാർക്ക്, വിവിധ കലാപരിപാടികൾ എന്നിവയും വസന്തോത്സവത്തോടനുബന്ധിച്ച് ഒരുക്കുന്നുണ്ട്.

# മുദ്ര ആംഫി തിയറ്റർ ഉദ്ഘാടനവും ജൈവവൈവിധ്യ ഉദ്യാന നിർമ്മാണോദ്ഘാടനവും

**കണ്ണൂർ:** മുണ്ടേരി ഗവ. ഹയർ സെക്കൻഡറി സ്കൂൾ മുദ്ര വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി സ്കൂളിന് മുൻവശം സജ്ജീകരിച്ച മുദ്ര ആംഫി തിയറ്ററിന്റെ ഉദ്ഘാടനവും ജൈവവൈവിധ്യ ഉദ്യാന നിർമ്മാണത്തിന്റെ ഉദ്ഘാടനവും മുദ്ര വിദ്യാഭ്യാസ പദ്ധതി ചെയർമാൻ മുൻ എം.പി കെ കെ രാഗേഷ് നിർവഹിച്ചു. കേരളത്തിൽ പൊതുവിദ്യാഭ്യാസ രംഗത്ത് നടന്നുകൊണ്ടിരിക്കുന്ന മാറ്റത്തിന്റെ മാതൃകയാണ് മുണ്ടേരി ഗവ. ഹയർ സെക്കൻഡറി സ്കൂൾ എന്ന് അദ്ദേഹം പറഞ്ഞു. ഈ പൊതുവിദ്യാലയത്തിലെ വിദ്യാർഥികൾക്ക് കായിക, സാംസ്കാരിക, ശാസ്ത്ര മേഖലകളിലെല്ലാം കഴിവ് തെളിയിക്കാൻ കഴിയുന്ന വിധത്തിലാണ് ആംഫി തിയറ്ററും സ്റ്റേഡിയവും ലൈബ്രറിയും റോബോട്ടിക് ലാബ് ഉൾപ്പെടെയുള്ള ലാബുകളും ഒക്കെ സജ്ജീകരിച്ചിരിക്കുന്നത്. സ്കൂളിൽ ഇതിന്റെ അടുത്ത പടിയാണ് ബയോ ഡൈവേഴ്സിറ്റി പാർക്കെന്നും അദ്ദേഹം പറഞ്ഞു. കാമ്പസിൽ കെട്ടിടം നിൽക്കുന്ന സ്ഥലം ഒഴികെ എല്ലായിടത്തും മരങ്ങൾ വെച്ചുപിടിപ്പിക്കുകയാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. ആഗോള താപനത്തെ ചെറുക്കാൻ ഭൂമിക്കൊരു ഹരിത കവചം പണിയുക എന്ന ഉത്തരവാദിത്തത്തിന്റെ ഭാഗമാണിതെന്നും അദ്ദേഹം പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. കെ. കെ രത്നകുമാരി അധ്യക്ഷയായി. 'മരുതം' എൻഎസ്എസ് ക്യാമ്പ് ജനറൽ കൺവീനർ ഡോ. പ്രിയ വർഗീസ് പദ്ധതി വിശദീകരിച്ചു.

മുണ്ടേരി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് എ അനിഷ, എടക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് പി കെ പ്രമീള, ജില്ല ാപഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരം സമിതി ചെയർമാൻ വി കെ സുരേഷ് ബാബു, മുണ്ടേരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് എ പങ്കജാക്ഷൻ, വിദ്യാഭ്യാസ സ്ഥിരം സമിതി ചെയർപേഴ്സൻ സി ലത, എടക്കാട് ബ്ലോക്ക് പഞ്ചായത്തംഗം കെ ബിന്ദു, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ പി അഷ്റഫ്, വി കെ ലിഷ്മ, സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി ചെയർമാൻ പി സി ആസിഫ്, പിടിഎ പ്രസിഡൻറ് സി പി അഷ്റഫ്, സ്കൂൾ പ്രിൻസിപ്പൽ എം മനോജ് കുമാർ, പ്രധാനധ്യാപിക പി കെ റംലത്ത് ബീവി, മുദ്ര പദ്ധതി ജനറൽ കൺവീനർ പി പി ബാബു, പി ചന്ദ്രൻ, മുണ്ടേരി ഗംഗാധരൻ, പി സി അഹമ്മദ് കുട്ടി, കെ രാമകൃഷ്ണൻ, കെ വേണു, മാങ്ങാട്ടുപറമ്പ് കാമ്പസ് എൻഎസ്എസ് പ്രോഗ്രാം ഓഫീസർ ഡോ. ടിഎം ഗണേഷ് ഗോപാൽ, ജാനകി അമ്മാൾ കാമ്പസ് പ്രോഗ്രാം ഓഫീസർ ഡോ. കെ പി അനുപമ എന്നിവർ സംസാരിച്ചു.

സായാഹ്നങ്ങളിൽ വിദ്യാർഥികൾക്കും പൊതുസമൂഹത്തിനും കലാ സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കുന്നതിനുള്ള പൊതുവേദിയാണ് മുദ്ര ആംഫി തിയേറ്റർ.

മുണ്ടേരി ക്യാമ്പസിൽ ഒഴിഞ്ഞു കിടക്കുന്ന മുഴുവൻ സ്ഥലങ്ങളിലും കണ്ണൂർ സർവ്വകലാശാലയിലെ ക്യാമ്പസ് നാഷണൽ സർവീസ് സ്കീം യൂണിറ്റുകളുടെ 150 വളണ്ടിയർമാരുടെ നേതൃത്വത്തിൽ ജൈവവൈവിധ്യ ഉദ്യാനം നട്ടുപിടിപ്പിക്കുന്നതിന് തുടക്കമായി. കേരള ജൈവവൈവിധ്യ ബോർഡിന്റെ ചെയർമാൻ ഡോ. എൻ അനിൽകുമാർ, മെമ്പർ സെക്രട്ടറി ഡോ. വി ബാലകൃഷ്ണൻ എന്നിവർ ജൈവവൈവിധ്യ പരിശീല പരിപാടിക്കും ജൈവവൈവിധ്യ ഉദ്യാന നിർമ്മാണത്തിനും നേതൃത്വം നൽകി.

സ്കൂളിൽ നടക്കുന്ന 'മരുതം' എൻഎസ്എസ് ക്യാമ്പിൽ പങ്കെടുക്കുന്ന കണ്ണൂർ സർവ്വകലാശാല നീലേശ്വരം ക്യാമ്പസിലെ വിദ്യാർഥികളും മാങ്ങാട്ടുപറമ്പ് ക്യാമ്പസിലെ വിദ്യാർഥികളും പാലയാട് ക്യാമ്പസിലെ വിദ്യാർഥികളും മുണ്ടേരി ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ ഇക്കോ ക്ലബിലെ വിദ്യാർഥികളും ജൈവ വൈവിധ്യ ഉദ്യാനം വെച്ചുപിടിപ്പിക്കുന്നതിൽ പങ്കാളികളായി.

# അടുത്തവർഷം മൂന്നുലക്ഷം പേർക്ക് തൊഴിൽ നൽകും: ടി എം തോമസ് ഐസക്

## *വിജ്ഞാനകേരളം ജനകീയ ക്യാമ്പയിൻ തുടങ്ങുന്നു

**ആലപ്പുഴ:** തൊഴിൽ നൈപുണി വർദ്ധിപ്പിച്ച് കേരളത്തിലെ അഭ്യസ്തവിദ്യർക്ക് തൊഴിൽ ലഭ്യമാക്കാനുള്ള വിജ്ഞാന കേരളം ജനകീയ ക്യാമ്പയിൻ ബഹുജന പങ്കാളിത്തത്തോടെയുള്ള ജനകീയ പ്രസ്ഥാനമാക്കി മാറ്റണമെന്ന് മുൻ ധനകാര്യ വകുപ്പ് മന്ത്രിയും വിജ്ഞാന കേരളം ഉപദേഷ്ടാവുമായ ടി എം തോമസ് ഐസക് പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ വിജ്ഞാന കേരളം പദ്ധതിയുടെ ജില്ലാതല യോഗങ്ങൾക്ക് ആലപ്പുഴയിൽ തുടക്കം കുറിച്ചു ജില്ലാ പഞ്ചായത്ത് മിനി ഹാളിൽ ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാനം മുഴുവൻ നടപ്പിലാക്കുന്ന പദ്ധതി വഴി അടുത്തവർഷം അവസാനത്തോടെ മൂന്നുലക്ഷം പേർക്ക് തൊഴിൽ നൽകുക എന്നതാണ് ലക്ഷ്യമിടുന്നത്. ഇതിനായി കേരളത്തെ വിജ്ഞാന സമ്പദ്ഘടനയാക്കി മാറ്റേണ്ടതുണ്ട്. അഭ്യസ്തവിദ്യർക്ക് അനുയോജ്യമായ തൊഴിൽ ലഭ്യമാകുന്ന സ്ഥലമാക്കി കേരളത്തെ മാറ്റണം. ഉയർന്ന ഉൽപാദനക്ഷമതയും സാങ്കേതിക മുന്നേറ്റങ്ങളും കേന്ദ്രീകരിച്ചുള്ള മുന്നേറ്റം ഉന്നത വിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവരാനുള്ള നടപടികൾക്ക് തുടക്കമിട്ടു കഴിഞ്ഞു. നാലുവർഷബിരുദവും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പശ്ചാത്തല സൗകര്യ വികസനങ്ങളും ഇതിന്റെ ഭാഗമാണ്. തൊഴിൽ അന്വേഷകരെ പദ്ധതിയുടെ ഭാഗമാക്കി രജിസ്റ്റർ ചെയ്യിക്കുന്നതും തൊഴിൽമേളകൾ നടത്തുന്നതും വിജ്ഞാനകേരളം പ്രവർത്തനത്തിന്റെ പ്രാരംഭഘട്ടത്തിൽ പൂർത്തിയാക്കും. തൊഴിലുകളോട് ബന്ധപ്പെടുത്തിക്കൊണ്ടുള്ള നൈപുണ്യ വികസനം രണ്ടാംഘട്ടത്തിലും സാധ്യമാക്കും. വിജ്ഞാനകേരളം പദ്ധതിയുടെ ഭാഗമായുള്ള ആദ്യ തൊഴിൽമേള ആലപ്പുഴ ജില്ലയിലാണ് സംഘടിപ്പിക്കുന്നത്. ഫെബ്രുവരി ഒന്നിന് സംഘടിപ്പിക്കുന്ന തൊഴിൽമേളയിൽ 5000 പേർക്ക് തൊഴിൽ നൽകുമെന്നും തോമസ് ഐസക് പറഞ്ഞു.

കേരള ഡെവലപ്മെന്റ് ആന്റ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ(കെ.ഡിസ്ക്), കേരള നോളജ് എക്കണോമി മിഷൻ എന്നിവയുടെ മേൽ നോട്ടത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ജില്ലയിലെ അഭ്യസ്തവിദ്യർക്ക് അവസരമൊരുക്കി ജില്ലാ പഞ്ചായത്തും നിയമസഭാ സാമാജികരും കെ.ഡിസ്കും കേരള നോളജ് എക്കണോമി മിഷനും പ്രവർത്തിക്കും. ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം എന്ന പോർട്ടലിൽ തൊഴിൽ തേടുന്ന അഭ്യസ്ത വിദ്യരെയും തൊഴിൽ ദാതാക്കളെയും രജിസ്റ്റർ ചെയ്യിപ്പിക്കുന്ന നടപടികളാണ് ഉടൻ പൂർത്തിയാക്കുകയെന്ന് തോമസ് ഐസക് പറഞ്ഞു.

വിജ്ഞാന കേരളം പദ്ധതിക്ക് സഹായകമായി ജില്ലയിലെ 12 ബ്ലോക്കിലും ആറ് നഗരസഭകളിലും ജോബ് സ്റ്റേഷനുകൾ ആരംഭിക്കും. ജില്ലയിൽ ഭൂരിഭാഗം ബ്ലോക്കുകളിലും നഗരസഭകളിലും ജോബ് സ്റ്റേഷനുകൾ ആരംഭിച്ചതായി ചടങ്ങിൽ അധ്യക്ഷത വഹിച്ച ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി പറഞ്ഞു. എം.എൽ.എമാരായ പി.പി.ചിത്തരഞ്ജൻ, എച്ച്.സലാം, ജില്ലാ കളക്ടർ അലക്സ് വർഗീസ്, നഗരസഭ ചെയർപെഴ്സൺ കെ കെ ജയമ്മ, ജില്ലാ പഞ്ചായത്ത് സ്ഥിരംസമിതി ചെയർമാന്മാരായ റ്റി എസ് താഹ, എം വി പ്രിയ ടീച്ചർ, ബിനു ഐസക് രാജു, ജില്ലാ പഞ്ചായത്ത് സെക്രട്ടറി കെ ആർ ദേവദാസ്, കേരള നോളജ് മിഷൻ ഡയറക്ടർ ഡോ. പി എസ് ശ്രീകല, ജില്ലാ പഞ്ചായത്ത്, നഗരസഭ അംഗങ്ങൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കെ -സ്മാർട്ട് ഏപ്രിൽ മുതൽ ത്രിതല പഞ്ചായത്തുകളിലേക്കും

**തിരുവനന്തപുരം:** ഇ ഗവേണൻസ് രംഗത്ത് വിപ്ലവകരമായ മാറ്റം സാധ്യമാക്കിയ കെ സ്മാർട്ട് ഏപ്രിൽ മുതൽ ത്രിതല പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുന്നു. പഞ്ചായത്തുകളിലേക്ക് കെ സ്മാർട്ട് വ്യാപിപ്പിക്കുന്നതിന് മുന്നോടിയായി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, കരകുളം ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ ജനുവരി ഒന്നുമുതൽ കെ സ്മാർട്ടിന്റെ പൈലറ്റ് റൺ നടക്കും. ഈ മൂന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കെ സ്മാർട്ട് വിന്യസിക്കുന്നതുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ പൂർത്തിയായതായി തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് അറിയിച്ചു.




നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ഐഎൽജിഎംഎസ് സംവിധാനം മാറ്റിയാണ് കൂടുതൽ പരിഷ്കരിച്ച പതിപ്പായ കെ സ്മാർട്ട് വിന്യസിക്കുന്നത്. ഇൻഫർമേഷൻ കേരളാ മിഷനാണ് രണ്ട് സോഫ്റ്റ്വെയറുകളും വികസിപ്പിച്ചത്. 2024 ജനുവരി ഒന്നുമുതൽ സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും കെ സ്മാർട്ട് വിജയകരമായി പ്രവർത്തിക്കുന്നുണ്ട്, ഇതാണ് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുന്നത്.

കെ സ്മാർട്ട് പഞ്ചായത്തുകളിൽ കൂടി വിന്യസിക്കുന്നതോടെ ഇ ഗവേണൻസ് രംഗത്ത് കേരളത്തിന്റെ കുതിച്ചുചാട്ടമാകും ദൃശ്യമാവുകയെന്ന് മന്ത്രി എം ബി രാജേഷ് പറഞ്ഞു. ഇതിനകം ദേശീയ തലത്തിൽ കെ സ്മാർട്ട് ശ്രദ്ധ നേടിക്കഴിഞ്ഞിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ ഐഎൽജിഎംഎസ് സംവിധാനമുള്ളതിനാൽ കെ സ്മാർട്ടിലേക്കുള്ള മാറ്റം എളുപ്പമാകും. പഞ്ചായത്ത് ഓഫീസുകളിലെത്താതെ തന്നെ ഓൺലൈനിൽ എല്ലാ സേവനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കാനാവുന്ന സംവിധാനം പൊതുജനങ്ങൾക്ക് ഏറെ പ്രയോജനപ്രദമാണ്. ജീവനക്കാരുടെ ജോലിഭാരം വൻതോതിൽ കുറയ്കാകാനും കെ സ്മാർട്ടിന് കഴിയും. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ അഭിമാന പദ്ധതിയായ കെ സ്മാർട്ടിനെ പഞ്ചായത്തുകളിലേക്കും വിന്യസിക്കാൻ സജ്ജമാക്കിയ ഇൻഫർമേഷൻ കേരളാ മിഷനിലെ സാങ്കേതിക വിദഗ്ധരെയും ജീവനക്കാരെയും മന്ത്രി അഭിനന്ദിച്ചു. സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലെയും 152 ബ്ലോക്ക് പഞ്ചായത്തിലെയും 14 ജില്ലാ പഞ്ചായത്തിലെയും ജീവനക്കാർക്കുള്ള വിപുലമായ പരിശീലന പരിപാടി ജനുവരിയിൽ ആരംഭിക്കും.

ഡിജിറ്റൽ ഫയൽ മാനേജ്മെന്റ്, കോൺഫിഗറേഷൻ മൌഡ്യൂൾ, സിവിൽ രജിസ്ട്രേഷൻ, പ്രോപ്പർട്ടി ടാക്സ്, റൂൾ എഞ്ചിനോട് കൂടിയ ബിൽഡിംഗ് പെർമ്മിറ്റ്, പബ്ലിക് ഗ്രീവൻസ്, മീറ്റിംഗ് മാനേജ്മെന്റ്, ബിസിനസ് ഫെസിലിറ്റേഷൻ, വാടക/പാട്ടം, പ്രൊഫഷണൽ ടാക്സ്, പാരാമെഡിക്കൽ ട്യൂട്ടോറിയൽ രജിസ്ട്രേഷൻ, പെറ്റ് ലൈസൻസ്, പ്ലാൻ ഡെവലപ്മെന്റ്, സേവന പെൻഷൻ, നോ യുവർ ലാൻഡ്, മൊബൈൽ ആപ്പ് എന്നീ സൌകര്യങ്ങളോടെയാകും കെ സ്മാർട്ട് ഗ്രാമപഞ്ചായത്തുകളിൽ വിന്യസിക്കുന്നത്. നിലവിൽ ഐഎൽജിഎംഎസിൽ മൂന്ന് മോഡ്യൂളുകളാണ് ലഭ്യമായിരുന്നത്. കൂടുതൽ മികവേറിയതും വേഗത്തിലുമുള്ള സേവനലഭ്യത കെ സ്മാർട്ട് പൊതുജനങ്ങൾക്ക് ഒരുക്കി നൽകും.

2024 ജനുവരി ഒന്നുമുതൽ സംസ്ഥാനത്തെ നഗരസഭകളിൽ വിന്യസിച്ച കെ സ്മാർട്ടിലൂടെ നഗരസഭകളിൽ ഇതിനകം 27.31 ലക്ഷം ഫയലുകളാണ് പ്രോസസ് ചെയ്തത്. ഇതിൽ 20.37 ലക്ഷം ഫയലുകളും തീർപ്പാക്കിയിട്ടുണ്ട്. 74.6 ശതമാനം ഫയലുകളാണ് തീർപ്പാക്കിയത്. ഓരോ ഓഫീസിലെയും ജില്ലയിലെയും ഓരോ വിഭാഗം ഫയലുകളും തിരിച്ച് പരിഹരിച്ചതിന്റെ സ്ഥിതി പൊതുജനങ്ങൾക്ക് അറിയാൻ സൌകര്യമുണ്ട്. ഒപ്പം, ഫയൽ തീർപ്പാക്കലിൽ മുൻ ആഴ്ചയുമായുള്ള താരതമ്യവും കെ സ്മാർട്ട് ഡാഷ്ബോർഡിലൂടെ അറിയാൻ കഴിയും.

# ആരോഗ്യത്തിന്റെ കാര്യത്തിൽ സൂപ്പർസ്റ്റാറും സൂപ്പർ ഫുഡും ചെറുധാന്യങ്ങൾ : കൃഷി മന്ത്രി പി പ്രസാദ്

**ആലപ്പുഴ:** ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ നടക്കുന്ന ചേർത്തല പൊലിമ കരപ്പുറം കാർഷിക കാഴ്ചകളോട് അനുബന്ധിച്ച് മില്ലറ്റ് കേക്ക് ഫെസ്റ്റ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

ജീവിതശൈലി രോഗങ്ങളെ ഒഴിവാക്കുന്നതിന് മില്ലറ്റിന്റെയും കൂണിന്റെയും പോഷക ഗുണങ്ങൾ പ്രയോജനകരമാണെന്നും ആരോഗ്യത്തിന്റെ കാര്യത്തിൽ സൂപ്പർസ്റ്റാറും സൂപ്പർ ഫുഡും ചെറുധാന്യങ്ങൾ ആണെന്നും അദ്ദേഹം പറഞ്ഞു.

ഐ സി എം ആറിന്റെ പഠനത്തിൽ നിന്നും 56% രോഗങ്ങളും ഉണ്ടാകുന്നത് അനാരോഗ്യകരമായ ഭക്ഷണത്തിൽ നിന്നാണ്.

രുചിയോടെ കഴിക്കുന്ന ഭക്ഷണം നമ്മളെ രോഗികളാക്കി മാറ്റുകയാണ്. ക്യാൻസർ ക്യാപിറ്റൽ ആയി കേരളം മാറുന്ന ആശങ്കയിലാണ് നമ്മൾ. ഭക്ഷണത്തെ വളരെ ഗൗരവമായി തന്നെ കാണണം. ആഹാരത്തോളം ജീവിതവുമായി ബന്ധപ്പെട്ട് കിടക്കുന്ന മറ്റൊന്നുമില്ല. ചെറു ധാന്യങ്ങളുടെ പ്രാധാന്യം മനസ്സിലാക്കിയാണ് 2023 ൽ അന്താരാഷ്ട്ര ചെറുധാന്യവർഷം ആചരിച്ചത്.

മിലറ്റ് കൃഷി വ്യാപിപ്പിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം ഒപ്പം മില്ലറ്റിന്റെ വിവിധ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനായി കൃഷിക്കൂട്ടങ്ങളെയും പ്രോത്സാഹിപ്പിക്കുകയാണ്. നൂറിനു മുകളിൽ ഉത്പന്നങ്ങൾ മില്ലറ്റിൽ നിന്നും നമുക്ക് ഉത്പാദിപ്പിക്കാൻ കഴിയും. സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ മില്ലറ്റ് കഫേകൾ ആരംഭിച്ചു കഴിഞ്ഞുവെന്നും മന്ത്രി പറഞ്ഞു.

കഞ്ഞിക്കുഴി ബ്ലോക്കിൽ 25 ഏക്കറിൽ മില്ലറ്റ് കൃഷിയും ആരംഭിച്ചു കഴിഞ്ഞു. ചേർത്തലയിൽ മില്ലറ്റ് കൃഷി കൂടുതൽ വ്യാപിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു. കൂണിൽ നിന്നുമുള്ള നിരവധി ഉൽപ്പന്നങ്ങളായ കൂൺ ഫ്രൈഡ് റൈസ്,കൂൺ കട്ലറ്റ്, കൂൺ അച്ചാർ, കൂൺ ചമ്മന്തി പൊടി, മില്ലറ്റ് കേക്ക് തുടങ്ങിയവയും ഫെസ്റ്റിൽ പ്രദർശിപ്പിച്ചു. കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വിജി മോഹനൻ, ആലപ്പുഴ ജില്ലാ പഞ്ചായത്ത് അംഗങ്ങളായ പി എസ് ഷാജി, വി ഉത്തമൻ, അഡ്വ റിയാസ്, കൃഷിമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി അഡ്വ സി എ അരുൺകുമാർ, ആലപ്പുഴ ജില്ലാകൃഷി ഓഫീസർ അമ്പിളി സി, ഡെപ്യൂട്ടി ഡയറക്ടർ സുജ ഈപ്പൻ, കൃഷി ഉദ്യോഗസ്ഥർ, കർഷകർ തുടങ്ങിയവർ പങ്കെടുത്തു.

## വാട്ടർ ഫെസ്റ്റിനെ വരവേൽക്കാൻ മാലിന്യ മുക്തമായി ബേപ്പൂർ ബീച്ച്; ശുചീകരണ യജ്ഞം നടത്തി

**ബേപ്പൂർ:** ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റിവലിന്റെ പ്രധാന വേദിയായ ബേപ്പൂർ ബീച്ചിൽ ശുചീകരണ യജ്ഞം നടത്തി. വാട്ടർ ഫെസ്റ്റിനെത്തുന്ന സന്ദർശകരെ വരവേൽക്കുന്നതിന്റെ ഭാഗമായി നടത്തിയ ശുചീകരണ പ്രവൃത്തി ബേപ്പൂർ ഡവലപ്മെന്റ് മിഷൻ ചെയർമാൻ എം ഗിരീഷ് ഉദ്ഘാടനം ചെയ്തു. കോർപറേഷൻ കൗൺസിലർമാരായ ടി രജനി, കെ രാജീവ്, ടി കെ ഷെമീന, വാട്ടർ ഫെസ്റ്റ് വളണ്ടിയർ കമ്മിറ്റി ചെയർമാൻ ഷഫീഖ്, ലൈറ്റ് ആന്റ് സൗണ്ട് കമ്മിറ്റി ചെയർമാൻ സന്ദേശ്, മീഡിയാ കമ്മറ്റി ചെയർമാൻ സനോജ് കുമാർ ബേപ്പൂർ എന്നിവർ സംസാരിച്ചു. ബേപ്പൂർ ഹയർ സെക്കണ്ടറി സ്കൂളിലെ എസ്പിസി കേഡറ്റുകൾ, എൻഎസ്എസ് യൂണിറ്റ് വളണ്ടിയർമാർ, വിവിധ കോളേജുകളിലെ ടൂറിസം ക്ലബ്ബ് വളണ്ടിയർമാർ, സന്നദ്ധ സംഘടനാ പ്രവർത്തകർ തുടങ്ങിയവർ ശുചീകരണ യജ്ഞത്തിന്റെ ഭാഗമായി.

ബേപ്പൂർ ഫെസ്റ്റ് നടക്കുന്ന ബേപ്പൂർ മറീന, ജങ്കാർ പരിസരം, പുലിമുട്ട്, ഫുഡ് ഫെസ്റ്റ് നടക്കുന്ന പാരിസൺസ് പരിസരം ഉൾപ്പെടെ ബേപ്പൂർ ബീച്ചിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ നടത്തിയ ശുചീകരണ യജ്ഞത്തിൽ നൂറുകണക്കിന് വളണ്ടിയർമാർ പങ്കെടുത്തു. ഇവിടെ നിന്നും ശേഖരിച്ച മാലിന്യങ്ങൾ കോഴിക്കോട് കോർപറേഷന് കൈമാറി. വാട്ടർ ഫെസ്റ്റിന്റെ മറ്റൊരു വേദിയായ ചാലിയം ബീച്ചിലും തിങ്കളാഴ്ച ശുചീകരണ യജ്ഞം നടത്തിയിരുന്നു. ഡിസംബർ 27 മുതൽ 29 വരെയാണ് വാട്ടർ ഫെസ്റ്റ് നടക്കുക..

## ആലപ്പുഴ ബീച്ച് ഫെസ്റ്റ്: പേസ്റ്റി ഷോ സംഘടിപ്പിച്ചു

**ആലപ്പുഴ:** ജില്ലാ ഭരണകൂടം, നഗരസഭ, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ബീച്ച് ഫെസ്റ്റിൻറെ ഭാഗമായി പേസ്റ്റി ഷോ സംഘടിപ്പിച്ചു. കൂട്ടി പൈ പേസ്റ്റ് ഷെഫ് പാലക്കാട് വടക്കാഞ്ചേരി വെങ്കിടേഷ് നിർമ്മിച്ച കേക്ക് ഒന്നാം സ്ഥാനം കരസ്ഥമാക്കി. ക്രിസ്മസ് പാപ്പയെ കേക്കിൽ പേസ്റ്റ് ചെയ്ത് നിർമ്മിച്ചാണ് ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്. 20 വർഷമായി പേസ്റ്റി ഷെഫ് ആയി ജോലി നോക്കുന്ന വെങ്കിടേഷ് 15 വർഷം ദുബൈയിലും ഷെഫായി ജോലി നോക്കിയിട്ടുണ്ട്. സെന്റ് ജോസഫ് വനിതാ കോളേജിൽ ഹോം സയൻസ് ഡിപ്പാർട്മെന്റിൽ ഗസ്റ്റ് ലക്ചറായിരുന്ന റീറ്റ സ്പാർട്ടൻ നേതൃത്വത്തിലുള്ള ജഡ്ജിംഗ് കമ്മറ്റിയാണ് വിധി നിർണ്ണയം നടത്തിയത്. നഗരസഭ ക്ഷേമകാര്യ സ്ഥിരം സമിതി ചെയർമാൻ നസീർ പുന്നക്കൽ, ആരോഗ്യ സ്ഥിരം സമിതി ചെയർപേഴ്സൺ എ .എസ്. കവിത, പൊതുമരാമത്ത് ചെയർമാൻ എം.ആർ. പ്രേം, കൗൺസിലർമാരായ . ബി.അജേഷ്, എ ഷാനവാസ്, പി.രതീഷ്, ഡി.റ്റി പി.സി. അഡ്മിനിസ്ട്രറ്റീവ് ഓഫീസർ കെ.സി. പ്രദീപ് കുമാർ, കമ്മിറ്റി അംഗം കെ.നാസർ എന്നിവർ പങ്കെടുത്തു. ബീച്ച് ഫെസ്റ്റിന്റെ ഭാഗമായ ഫുഡ് ഫെസ്റ്റ് 26 നു ഉദ്ഘാടനം ചെയ്യും. 26 ന് പായസ പാചക മത്സരം നടക്കും.

## എസ്.റ്റി കോ ഓഡിനേറ്റർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കുടുംബശ്രീ എറണാകുളം ജില്ലാമിഷനിൽ എസ്.റ്റി കോ ഓഡിനേറ്റർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ഡിഗ്രി യോഗ്യതയുള്ള എസ്.റ്റി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. കോതമംഗലം, കൂവപ്പടി ബ്ലോക്ക് പരിധിയിൽ താമസിക്കുന്നവർക്ക് മുൻഗണന. പ്രായം 1845 (2024 ഡിസംബർ ഒന്നിന്)

വിദ്യാഭ്യാസ യോഗ്യത ഏതെങ്കിലും വിഷയത്തിൽ ബിരുദം. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ പ്രായം, വിദ്യാഭ്യാസ യോഗ്യത, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം നിശ്ചിത മാതൃകയിലുള്ള അപേക്ഷ ജില്ലാ മിഷൻ കോഓർഡിനേറ്റർ, കുടുംബശ്രീ, കലക്ടറേറ്റ്, രണ്ടാം നില, കാക്കനാട് വിലാസത്തിൽ ഡിസംബർ 31ന് വൈകീട്ട് അഞ്ചിന് മുമ്പ് സമർപ്പിക്കണം. പ്രതിമാസ ഓണറേറിയം 16,000 രൂപ അപേക്ഷാ ഫോമിന്റെ മാതൃക സിഡിഎസ് ആഫീസിൽ ലഭിക്കും.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കോതമംഗലം ശിശുവികസന പദ്ധതി ഓഫീസറുടെ കീഴിലെ 130 അങ്കണവാടികളിൽ കണ്ടിജൻസി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി ആറിന് ഉച്ചയ്ക്ക് രണ്ടു വരെ. കൂടുതൽ വിവരങ്ങൾക്ക് കോതമംഗലം ഐസിഡിഎസ് ഓഫീസിൽ പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടാം. ഫോൺ 04845 2822372.

# സെഞ്ചുറി തികച്ച് വിഴിഞ്ഞം തുറമുഖം

**വിഴിഞ്ഞം:** ആറു മാസത്തിനുള്ളിൽ കപ്പൽ വരവിൽ സെഞ്ചുറി തികച്ചു വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. നൂറ് എന്ന നമ്പർ പൂർത്തിയാക്കി ചരിത്രം കുറിക്കാൻ ക്രിസ്മസ് ദിനത്തിൽ എംഎസ്സിയുടെ കുറ്റൻ കണ്ടെയ്നർ കപ്പലായ മിഖേല മുംബൈയിൽനിന്ന് തുറമുഖത്ത് അടുത്തു.

299.87 മീറ്റർ നീളവും 12.5 മീറ്റർ ആഴവുമുള്ള മിഖേല 5000 കണ്ടെയ്നറുകൾ ഇറക്കിയശേഷം രണ്ടു ദിവസത്തിനുള്ളിൽ ചൈനയിലേക്ക് മടങ്ങും. ചുരുങ്ങിയ കാലയളവിനുള്ളിൽരണ്ടു ലക്ഷത്തിൽപ്പരം കണ്ടെയ്നറുകൾ കൈകാര്യം ചെയ്തും വിഴിഞ്ഞം ചരിത്രം സൃഷ്ടിച്ചു.

ഇക്കഴിഞ്ഞ ജൂലൈ 15ന് ആരംഭിച്ച കപ്പൽ അടുപ്പിക്കൽ വിമർശകരുടെ പോലും പ്രവചനങ്ങൾ തകർത്തെറിഞ്ഞ് മുന്നേറ്റം തുടരുന്നതായാണ് അധികൃതരുടെ വിലയിരുത്തൽ. ദിവസവും രണ്ടു കപ്പലുകൾ വീതം തുറമുഖ വാർഫിൽ അടുപ്പിക്കുന്ന വിധത്തിലാണ് പ്രവർത്തനം.

# ജില്ലാ ക്ഷീരസംഗമം പരിപാടികളിൽ മാറ്റം

**കൊച്ചി:** ക്ഷീരവികസന വകുപ്പ് 202425 വർഷത്തെ വാർഷിക പദ്ധതിയുടെ ഭാഗമായി തിരുമാറാടി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ അങ്കണത്തിൽ വച്ച് 26, 27, 28 തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരുന്നതിൽ പരിപാടികളിൽ ആദ്യ രണ്ട് ദിവസത്തെ പരിപാടികൾ എം ടി വാസുദേവൻ നായരുടെ നിര്യാണത്തെ തുടർന്ന് സർക്കാർ രണ്ട് ദിവസത്തെ ദുഃഖാചരണം പ്രഖ്യാപിച്ചിട്ടുള്ളതിനാൽ റദ്ദാക്കി.

28ലെ പരിപാടികൾ ചുവടെ പറയും പ്രകാരം പുനഃക്രമീകരിച്ചു.

28ന് രാവിലെ 7.30 ന് തിരുമാറാടി ക്ഷീരസംഘത്തിൽ ഇ ആർ സി എം പി യു ചെയർമാൻ എം ടി ജയൻ പതാകയുയർത്തി ക്ഷീരസംഗമത്തിന് തുടക്കം കുറിക്കും. 8.30ന് സമന്വയം (സെമിനാർ) ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സ്മിത എൽദോസിന്റെ അധ്യക്ഷതയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ ഉദ്ഘാടനം ചെയ്യും. തുടർന്ന് 12 ന് നടക്കുന്ന പൊതുസമ്മേളനം ക്ഷീരവികസന മൃഗസംരക്ഷണ മന്ത്രി ജെ ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യും. യോഗത്തിൽ അഡ്വ. അനൂപ് ജേക്കബ് എം.എൽ.എ അദ്ധ്യക്ഷത വഹിക്കും. നിയമ വ്യവസായ മന്ത്രി അഡ്വ. പി രാജീവ്, പ്രതിപക്ഷ നേതാവ് അഡ്വ. വി ഡി സതീശൻ, ജില്ലയിലെ മറ്റ് എം.എൽ.എമാർ, എം.പിമാർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, ക്ഷീരവികസന വകുപ്പ് ഡയറക്ടർ, മിൽമ പ്രതിനിധികൾ, വകുപ്പ് ഉദ്യോഗസ്ഥർ, ക്ഷീരസംഘം പ്രതിനിധികൾ, ക്ഷീര കർഷകർ എന്നിവർ പങ്കെടുക്കും.

ജില്ലാ ക്ഷീര സംഗമത്തോടനുബന്ധിച്ച് ജില്ലയിലെ മികച്ച ക്ഷീരകർഷകരെയും ക്ഷീരസംഘങ്ങളേയും ആദരിക്കൽ (മികവ്), സംഘം പ്രതിനിധികൾക്കുള്ള ശിൽപ്പശാല (പ്രത്യാശ), ഡയറി എക്സിബിഷൻ (കാഴ്ച), ചികിത്സാ ക്യാമ്പ് (ശ്രേയസ്), സംഘം ജീവനക്കാർക്കുള്ള ക്വിസ് മത്സരം, കലാപരിപാടികൾ (അരങ്ങ്) തുടങ്ങിയവയും സംഘടിപ്പിക്കും.

# മൂന്നാർ തണുത്തു വിറയ്ക്കുന്നു, താപനില മൈനസിലെത്തി; സഞ്ചാരികളുടെ വൻ തിരക്ക്



**മൂന്നാർ:** മൂന്നാറിൽ അതിശൈത്യം, താപനില മൈനസിലെത്തി. ചെണ്ടുവര എസ്റ്റേറ്റിലെ ലോവർ ഡിവിഷനിലാണ് ഇന്നലെ പുലർച്ചെ താപനില മൈനസ് ഡിഗ്രി സെൽഷ്യസിലെത്തിയത്. ചെണ്ടുവര, തെന്മല, ലക്ഷ്മി, ചിറ്റുവര, നയമക്കാട്, ലാക്കാട് എന്നിവിടങ്ങളിൽ പൂജ്യവും മൂന്നാർ ടൗൺ, നല്ലതണ്ണി, മാട്ടുപ്പെട്ടി, കുണ്ടള എന്നിവിടങ്ങളിൽ രണ്ടു ഡിഗ്രിയുമായിരുന്നു ഇന്നലെ പുലർച്ചെ രേഖപ്പെടുത്തിയത്. ഈ സീസണിലെ ഏറ്റവും താഴ്ന്ന താപനിലയാണ് ഇന്നലെ രേഖപ്പെടുത്തിയത്. വരും ദിവസങ്ങളിൽ താപനില വീണ്ടും താഴുമെന്നാണ് സൂചന. കഴിഞ്ഞ ദിവസം മൂന്നാറിൽ താപനില 5 ഡിഗ്രി സെൽഷ്യസ് രേഖപ്പെടുത്തിയിരുന്നു. രാത്രി അതിശൈത്യം തുടരുമ്പോഴും പകൽ ചൂട് 22 ഡിഗ്രി സെൽഷ്യസാണ്. ക്രിസ്മസ്, പുതുവത്സര അവധി തുടങ്ങിയതോടെ മൂന്നാറിൽ തണുപ്പ് ആസ്വദിക്കാനെത്തുന്ന സഞ്ചാരികളുടെ വൻ തിരക്കാണ് അനുഭവപ്പെടുന്നത്.



# കൊച്ചി നഗരത്തിൽ ശുദ്ധജല വിതരണം പ്രതിസന്ധിയിൽ

**കൊച്ചി:** ക്രിസ്മസ്, പുതുവത്സരാഘോഷങ്ങൾക്കിടെ നഗരത്തിൽ ശുദ്ധജല പ്രതിസന്ധി രൂക്ഷമാകുന്നു. ഇടയ്ക്കിടെ ശുദ്ധജല പൈപ്പുകൾ പൊട്ടുന്നതും അറ്റകുറ്റപ്പണികൾ നടക്കുന്നതുമാണു ജലക്ഷാമത്തിനു കാരണം. വടുതല, പച്ചാളം, എളമക്കര, ചിറ്റൂർ, കടവന്ത്ര തുടങ്ങിയ ഭാഗങ്ങളിലെല്ലാം ശുദ്ധജല പ്രശ്നം രൂക്ഷമാണ്. കഴിഞ്ഞ ദിവസം തമ്മനം മേഖലയിൽ രണ്ടിടത്താണു പൈപ്പ് പൊട്ടിയത്. ഇതു മൂലം നഗരത്തിലെ പല ഭാഗങ്ങളിലും ശുദ്ധജല വിതരണം തടസ്സപ്പെട്ടിരുന്നു.

കടവന്ത്ര മേഖലയിലെ ശുദ്ധജല പ്രശ്നം ചൂണ്ടിക്കാട്ടി കൗൺസിലർ സുജ ലോനപ്പന്റെ നേതൃത്വത്തിൽ നാട്ടുകാർ ഇന്നലെ പള്ളിമുക്ക് വാട്ടർ അതോറിറ്റി ഓഫിസിലെത്തി. പലസ്ഥലത്തും വെള്ളം കിട്ടുന്നില്ലെന്നും പ്രശ്നം പരിഹരിക്കണമെന്നും നാട്ടുകാർ ആവശ്യപ്പെട്ടു. പൈപ്പിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതുകൊണ്ടാണ് ഇടയ്ക്കു ശുദ്ധജല വിതരണം തടസ്സപ്പെടുന്നതെന്നു ജല അതോറിറ്റി ഉദ്യോഗസ്ഥർ കൗൺസിലറെ അറിയിച്ചു. പ്രശ്നം പരിഹരിച്ചതോടെ വെള്ളം വീണ്ടും ലഭ്യമായി തുടങ്ങിയെന്നു കൗൺസിലർ അറിയിച്ചു.

നഗരത്തിലെ ശുദ്ധജല പ്രശ്നങ്ങളിൽ ഇടപെടൽ ആവശ്യപ്പെട്ടു ടി.ജെ. വിനോദ് എംഎൽഎ മന്ത്രി റോഷി അഗസ്റ്റിനു കത്തയച്ചു. ആലുവയിൽ നിന്നുള്ള പ്രധാന ജലവിതരണ പൈപ്പ്‌ലൈൻ ശൃംഖലയിൽ തുടർച്ചയായി ഉണ്ടാവുന്ന തകരാറുകളാണു നഗരത്തിലെയും പരിസരപ്രദേശങ്ങളിലെയും ജലവിതരണം തടസ്സപ്പെടാനുള്ള കാരണമെന്നാണ് അറിയുന്നത്.അടുത്തിടെ മാത്രം മൂന്നു തവണയാണു ആലുവയിൽ നിന്നു കൊച്ചി നഗര മേഖലയിലേക്കുള്ള പ്രധാന പമ്പിങ് ലൈനിൽ തടസ്സമുണ്ടായത്.

പൂക്കാട്ടുപടിയിലെ പൈപ്പ്‌ലൈനിലെ ചോർച്ച പരിഹരിക്കാനായി ആലുവ കൊച്ചി പൈപ്പ്‌ലൈനിലെ പമ്പിങ് ഒരു ദിവസം പൂർണമായും നിർത്തിവച്ചിരുന്നു. 17നു തമ്മനത്തു പൈപ്പ് പൊട്ടി. 21ന് പാലാരിവട്ടം വൈറ്റില റോഡിൽ പള്ളിനടയിൽ പൈപ്പ് പൊട്ടി.ഇതു മൂലം താറുമാറായ ജലവിതരണം കാരണം രൂക്ഷമായ കുടിവെള്ള പ്രശ്നമാണു നഗരത്തിന്റെ വിവിധ ഭാഗങ്ങളിലെ ജനങ്ങൾ അനുഭവിക്കുന്നതെന്നു ടി.ജെ. വിനോദ് എംഎൽഎ പറഞ്ഞു. വിഷയം ജല അതോറിറ്റി അധികൃതരുടെ ശ്രദ്ധയിൽ പെടുത്തിയിട്ടും പരിഹാരമുണ്ടാകാത്തതുകൊണ്ടാണു മന്ത്രിക്കു കത്തയച്ചതെന്നും എംഎൽഎ പറഞ്ഞു.

# ഭാരതപ്പുഴയിൽ നീരൊഴുക്കു താഴ്ന്നു



**ഷൊർണൂർ:** വേനൽ തുടങ്ങും മുൻപുതന്നെ ഭാരതപ്പുഴയിൽ നീരൊഴുക്കു താഴ്ന്നു. തടയണകളിലെല്ലാം ചേറും ചെളിയും മണലും നിറഞ്ഞുകിടക്കുന്നതിനാൽ വരും ദിവസങ്ങളിൽ കുടിവെള്ളത്തിനും ക്ഷാമം അനുഭവപ്പെട്ടേക്കാം.

കഴിഞ്ഞ പ്രളയകാലത്ത് തടയണകളിൽ വലിയ രീതിയിൽ മണൽനിറഞ്ഞുകൂടിയതാണ് വെള്ളം സംഭരിക്കാൻ കഴിയാത്ത സാഹചര്യത്തിനിടയായത്. ഒട്ടേറെ പദ്ധതികൾ ഭാരതപ്പുഴയ്ക്കുവേണ്ടി ആസൂത്രണം ചെയ്തിട്ടുണ്ടെങ്കിലും മണൽനീക്കാൻ ഇതുവരെയും നടപടി എടുത്തിട്ടില്ല. വെള്ളം സംഭരിക്കാൻ കഴിയാതായാൽ ഏക്കറുകണക്കിന് കൃഷിയും പ്രതിസന്ധിയിലാവും.

മുൻ മാസങ്ങളിൽ ഷട്ടറുകൾതുറന്നിട്ട് തടയണയിലെ വെള്ളം ഒഴുകിപ്പോയതും പ്രതിസന്ധിക്കു കാരണമായി എന്നാണ് കർഷകർ പറയുന്നത്. അതേസമയം ഷൊർണൂരിൽ കാരക്കാട് പോലുള്ള പ്രദേശങ്ങളിൽ കൃഷിയിറക്കാൻ വെള്ളമില്ലാതെ നെൽപ്പാടങ്ങൾ വിണ്ടുകീറിയ അവസ്ഥയിലാണ്. തടയണയിൽ മതിയായ ജലം സംഭരിക്കാൻ കഴിയാത്തതിനാൽ വേനലിൽ കുടിവെള്ള പ്രശ്നം രൂക്ഷമാകുമോ എന്ന ആശങ്കയിലാണ് പ്രദേശവാസികൾ.

ആകെ 360 മീറ്റർ നീളത്തിലും രണ്ടര മീറ്റർ ഉയരത്തിലുമാണ് തടയണ നിർമിച്ചിട്ടുള്ളത്.പ്രതിദിനം 20 ദശലക്ഷം ലീറ്റർ ശേഷിയുള്ള ജലശുദ്ധീകരണ ടാങ്ക്, മോട്ടർ പമ്പുകൾ, ട്രാൻസ്ഫോമർ എന്നിവ ഉൾപ്പെടുന്ന കുടിവെള്ള പദ്ധതിയാണ് ഭാരതപ്പുഴയിൽ നിലവിലുള്ളത്.

ഷൊർണൂർ നഗരസഭാ പ്രദേശത്തിനും വാണിയംകുളം പഞ്ചായത്തിനും ആണ് തടയണ പദ്ധതി കൂടുതൽ ഗുണം ചെയ്തത്. തൃശൂർ ജില്ല മൈനർ ഇറിഗേഷൻ വിഭാഗമാണ് കിഫ്ബി ഫണ്ടിൽ നിന്ന് ഷൊർണൂർ ചെറുതുരുത്തി തീരങ്ങളെ ബന്ധിപ്പിച്ചുള്ള തടയണ നിർമിച്ചത്.



# കടൽ കടന്ന് പൊള്ളാച്ചിത്തേങ്ങ

**പാലക്കാട്:** നാളികേര കയറ്റുമതിയിൽ കുതിക്കുകയാണ് പാലക്കാടൻ കിഴക്കൻമേഖലയുടെ 20 കിലോമീറ്റർ തൊട്ടപ്പുറത്തുള്ള തമിഴ്നാടിൻറെ പൊള്ളാച്ചി എന്ന കാർഷിക ഹബ്. ആഫ്രിക്കൻ, ശ്രീലങ്കൻ നാളികേരങ്ങൾക്കൊപ്പം പൊള്ളാച്ചിത്തേങ്ങയും ഇംഗ്ലണ്ടിലും താരമായി മാറിക്കഴിഞ്ഞു.

യുകെയിലെ ഒന്നാംനമ്പർ സൂപ്പർസ്റ്റോറായ ടെസ്കോയാണ് പൊതിച്ച തേങ്ങകൾ പൊള്ളാച്ചിയിൽ നിന്നെടുത്തു കച്ചവടംചെയ്യുന്നത്. എത്ര ഉത്പാദനമുണ്ടായാലും അത്രയുമെടുത്തോളാം എന്ന നിലപാടിലാണ് ഈ കമ്പനി.

പൊള്ളാച്ചി കാർഷികമേഖലയിലെ നാളികേര ഉത്പാദനം ദിനപ്രതി വളർന്നുകൊണ്ടിരിക്കുകയാണ്. സർക്കാർപിന്തുണയിലും സ്വന്തംനിലയിലും നാളികേരകയറ്റുമതി നടത്തുകയാണ് പൊള്ളാച്ചിയിലെ നൂറിലേറെവരുന്ന ചെറുതുംവലുതുമായ നാളികേര ഫാമുകൾ.

ഗുണമേന്മയുള്ള നാളികേരങ്ങളുടെ ഉത്പാദനം ലക്ഷ്യമിട്ടുണ്ടായ കഠിനാധ്വാനമാണ് പൊള്ളാച്ചിയുടെ ഈ വിജയഗാഥയ്ക്കു പിന്നിൽ.

തേങ്ങകൾ തരംതിരിച്ചു ഗുണമേന്മ കൂടിയവമാത്രം വിദേശത്തേക്ക് അയയ്ക്കാൻ തുടങ്ങിയതോടെ സ്ഥിരംആവശ്യക്കാരെ കണ്ടെത്താനും പൊള്ളാച്ചിയിലെ നാളികേര ഫാമുകൾക്കു സാധിച്ചു. തെങ്ങിൻറെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തി മൂല്യവർധിത ഉത്പന്നങ്ങൾക്കൂടി കടൽ കടത്താനാണ് പൊള്ളാച്ചിക്കാരുടെ നീക്കം.

കിഴക്കൻമേഖലയിലെ കേരകർഷകരുടെ ഏക ആശ്വാസം പൊള്ളാച്ചിയിൽനിന്നെത്തുന്ന മൊത്തക്കച്ചവടക്കാരാണ്.

ഇവർ കേരളഗ്രാമങ്ങളിലെത്തി തേങ്ങപറിച്ച് മൊത്തവിലയ്ക്കു തൂക്കിയെടുക്കും. ഇടടക്കം പോകുന്നതു പൊള്ളാച്ചിയിലേക്കുതന്നെ.

പൊതുവെ പൊള്ളാച്ചി തേങ്ങകളെക്കാളും രുചിയിലും ഗുണത്തിലും മികച്ചതായാണ് നമ്മുടെ തേങ്ങകൾ അറിയപ്പെടുന്നത്.

തൊട്ടടുത്ത കാർഷിക പ്രദേശത്തായിട്ടും പൊള്ളാച്ചിയുടെ നാളികേരസംസ്കാരം തൊട്ടുതീണ്ടാത്ത അവസ്ഥയിലാണ് പാലക്കാട് കിഴക്കൻമേഖല. ഉത്പാദനത്തിൽമാത്രം ശ്രദ്ധചെലുത്തുന്ന കേരളത്തിലെ കർഷകർ വിപണിമൂല്യം മനസിലാക്കുന്നില്ലെന്നും മൂല്യവർധിത ഉത്പന്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നില്ല എന്നതിലേക്കും ഇവിടത്തെ നഷ്ടക്കണക്കുകളും പൊള്ളാച്ചി വിജയഗാഥയും വിരൽചൂണ്ടുന്നു.



# മുണ്ടക്കൈ ചൂരൽമല പുനരധിവാസം; ടൗൺഷിപ്പ് നിർമാണം ഊരാളുങ്കലിന് നൽകുന്നത് സർക്കാർ പരിഗണനയിൽ

**തിരുവനന്തപുരം:** വയനാട് മുണ്ടക്കൈ ചൂരൽമല പുനരധിവാസത്തിനുള്ള ടൗൺഷിപ്പ് നിർമാണം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകുന്നത് സർക്കാരിന്റെ പരിഗണനയിൽ. കിഫ്ബിയുടെ കൺസൾട്ടൻസി വിഭാഗമായ കിഫ്കോണിനാവും മേൽനോട്ട ചുമതല. അടുത്ത മന്ത്രിസഭായോഗം ഇക്കാര്യം പരിഗണിക്കും.

ദുരന്തബാധിതരെ പുനരധിവസിപ്പിക്കാൻ ഉയർന്ന നിലവാരത്തിലുള്ള രണ്ട് ടൗൺഷിപ്പുകളാണ് പണിയാൻ ഉദ്ദേശിക്കുന്നത്. നിർമാണ മേൽനോട്ടവും നിർമാണവും രണ്ട് ഏജൻസികളെ ഏൽപ്പിക്കുന്നതാണ് സർക്കാരിൻറെ പരിഗണനയിലുള്ളത്. സർക്കാർ തയാറാക്കുന്ന പ്ലാനിൽ 1000 സ്ക്വയർ ഫീറ്റ് വീതം വിസ്തീർണമുള്ള ഒറ്റനില വീടുകളാവും നിർമിക്കുക. കിഫ്ബിയുടെ കൺസൾട്ടൻസി വിഭാഗമായ കിഫ്കോണിനെ നിർമാണ മേൽനോട്ടം ഏൽപ്പിച്ച് നിർമാണ ചുമതല ഊരാളുങ്കലിന് കൈമാറാനാണ് ആലോചന. അതേസമയം ദേശീയ, രാജ്യാന്തര തലത്തിലെ ഏജൻസികളെ പരിഗണിക്കേണ്ടതില്ലേ എന്ന അഭിപ്രായവും ഉയർന്നിട്ടുണ്ട്. നൂറു വീടുകൾ വാഗ്ദാനം ചെയ്തിട്ടുള്ളത് കർണാടക, തെലങ്കാന സർക്കാരുകളാണ്. അവരുടെ അഭിപ്രായം പരിഗണിക്കേണ്ടി വരും.

# റേഡിയോഗ്രാഫർ ട്രെയിനി

**കൊല്ലം:** സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആശുപത്രി വികസന സൊസൈറ്റിയിലേക്ക് താത്ക്കാലിക അടിസ്ഥാനത്തിൽ റേഡിയോഗ്രാഫർ ട്രെയിനികളുടെ ഒഴിവുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് നടത്തുന്ന ഡിപ്ലോമ ഇൻ റേഡിയേഷൻ ടെക്നോളജി കോഴ്സ്, മൂന്ന് വർഷ ഡി ആർ ആർ ടി, കേരള സ്റ്റേറ്റ് പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ എന്നിവയുള്ള ഉദ്യോഗാർഥികൾക്ക് തപാൽ മുഖേനയോ ഓഫീസിൽ നേരിട്ട് ഹാജരായോ ജനുവരി 6ന് 5 മണിക്ക് മുമ്പായി അപേക്ഷകൾ സമർപ്പിക്കാം. അഭിമുഖത്തിനുള്ള തീയതി കൊല്ലം സർക്കാർ മെഡിക്കൽ കോളേജിന്റെ വെബ്സൈറ്റിൽ (www.gmckollam.edu.in) പ്രസിദ്ധീകരിക്കുന്നതാണ്. അപേക്ഷകർ അഭിമുഖത്തിന് ഹാജരാകുമ്പോൾ വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം, വയസ് എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകളും, പകർപ്പുകളും സഹിതം കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിന്റെ കാര്യാലയത്തിൽ ഹാജരാകണം.

# മികച്ച കോളേജ് മാഗസിനുകൾക്കുള്ള അവാർഡിന് എൻട്രികൾ ക്ഷണിച്ചു

**കൊച്ചി:** കേരളത്തിലെ സർവകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ മികച്ച കോളേജ് മാഗസിനുകൾക്കുള്ള കേരള മീഡിയ അക്കാദമി അവാർഡിന് എൻട്രികൾ ക്ഷണിച്ചു. പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് പങ്കെടുക്കാം. 2023 2024 അധ്യയന വർഷത്തിൽ പ്രസിദ്ധീകരിച്ചതായിരിക്കണം മാഗസിൻ.

ഒന്നാം സമ്മാനം 25,000 രൂപയും മുഖ്യമന്ത്രിയുടെ ട്രോഫിയും. രണ്ടും മൂന്നും സമ്മാനം യഥാക്രമം 15,000 രൂപയും 10,000 രൂപയും ട്രോഫിയും.

പങ്കെടുക്കാൻ താത്പര്യമുള്ളവർ മാഗസിന്റെ അഞ്ചുകോപ്പികൾ സഹിതം പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രം, എഡിറ്ററുടെ വിലാസം, മൊബൈൽ നമ്പർ, ഇമെയിൽ എന്നിവ അടങ്ങിയ അപേക്ഷ ജനുവരി 15നകം സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി682030 (ഫോൺ: 04842422068, 04712726275) എന്ന വിലാസത്തിലും ഇമാഗസിനുകൾ mediaclub.gov@gmail.com എന്ന ഇമെയിൽ വിലാസത്തിലും അയക്കണം.

# മദർ തെരേസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** സംസ്ഥാനത്തെ ഗവൺമെന്റ് നഴ്സിംഗ് സ്കൂളുകളിൽ നഴ്സിംഗ് ഡിപ്ലോമ, സർക്കാർ/എയ്ഡഡ്/സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് മദർ തെരേസ സ്കോളർഷിപ്പിന് ജനസംഖ്യാനുപാതികമായി നൽകുന്നതിലേക്കായി സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു.

കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാർക്കും), സിഖ്, ബുദ്ധ, ജൈന, പാഴ്സി എന്നീ മതവിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് 15,000 രൂപയാണ് സ്കോളർഷിപ്പായി അനുവദിക്കുന്നത്. ഗവൺമെന്റ് നഴ്സിംഗ് സ്കൂളുകളിൽ നഴ്സിംഗ് ഡിപ്ലോമ (ജനറൽ നഴ്സിംഗ്), പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർഥികൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. സ്റ്റേറ്റ് മെറിറ്റ് ക്വാട്ടയിലാണ് പ്രവേശനം നേടിയതെന്നു തെളിയിക്കുന്നതിന് അലോട്ട്മെന്റ് മെമ്മോ ഹാജരാക്കണം. യോഗ്യതാ പരീക്ഷയിൽ 45 ശതമാനം മാർക്കോ അതിലധികം മാർക്കോ നേടിയിരിക്കണം.

ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള എ.പി.എൽ വിഭാഗത്തെയും പരിഗണിക്കുന്നതാണ്. കോഴ്സ് ആരംഭിച്ചവർക്കും/ രണ്ടാം വർഷം പഠിക്കുന്നവർക്കും സ്കോളർഷിപ്പിനായി അപേക്ഷിക്കാം. ഒറ്റത്തവണ മാത്രമേ സ്കോളർഷിപ്പ് ലഭിക്കുകയുള്ളൂ. കഴിഞ്ഞ വർഷം സ്കോളർഷിപ്പിന് അപേക്ഷിച്ച് ലഭിച്ചവർ ഈ വർഷം അപേക്ഷിക്കേണ്ടതില്ല. 50 ശതമാനം സ്കോളർഷിപ്പുകൾ പെൺകുട്ടികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. നിശ്ചിത ശതമാനം പെൺകുട്ടികൾ ഇല്ലാത്തപക്ഷം അർഹരായ ആൺകുട്ടികൾക്കും സ്കോളർഷിപ്പ് നൽകുന്നതാണ്. ന്യൂനപക്ഷ വിദ്യാർഥികളെ തെരഞ്ഞെടുക്കുന്നത് കുടുംബ വാർഷിക വരുമാനത്തിന്റെയും മാർക്കിന്റെയും അടിസ്ഥാനത്തിൽ ജനസംഖ്യാനുപാതികമായിട്ടാണ്. അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്ക്/ ഷെഡ്യൂൾഡ് ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. www.minortiywelfare.kerala.gov.in വെബ് സൈറ്റിലെ സ്കോളർഷിപ്പ് ലിങ്ക് മുഖേന ഓൺലൈനായി അപേക്ഷിക്കണം.

അപേക്ഷയുടെ ഫീൽഡുകൾ പൂർണമായി പൂരിപ്പിച്ച് നിർദിഷ്ട രേഖകൾ അപലോഡ് ചെയ്ത് പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും ജനുവരി 17ന് മുൻപായി സ്ഥാപനമേധാവിയ്ക്ക് സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471 2300524, 04712302090.



# 353മത് അഖില മലങ്കര സുവിശേഷ മഹായോഗം തുടങ്ങി

**കോലഞ്ചേരി:** യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന 353മത് അഖില മലങ്കര സുവിശേഷമഹായോഗത്തിന് സഭാകേന്ദ്രമായ പുത്തൻകുരിശ് പാത്രിയർക്കാ സെന്റർ മൈതാനിയിൽ തുടക്കമായി.

സിറോ മലബാർ സഭാധ്യക്ഷൻ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. മലങ്കര മെത്രാപ്പോലീത്തായും പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പ്രസിഡന്റും കാതോലിക്കോസ് അസിസ്റ്റന്റുമായ അഭിവന്ദ്യ മോർ ഗ്രീഗോറിയോസ് ജോസഫ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു. തുടർന്ന് മലങ്കര മെത്രാപ്പോലീത്ത ക്രിസ്തുമസ് സന്ദേശം നൽകി.

ക്രിസ്തീയ മൂല്യങ്ങൾ ഹൃദയത്തിൽ പിറക്കുമ്പോഴാണ് തിരുപ്പിറവിയുടെ സന്ദേശം അർത്ഥവത്താകുന്നതെന്ന് മലങ്കര മെത്രാപ്പോലീത്ത പറഞ്ഞു. നീതിയിൽ അധിഷ്ഠിതമായിരുന്നു ക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷകളും ജീവിതവും. നീതിമാനായ ക്രിസ്തു നമ്മുടെ ഹൃദയത്തിൽ പിറവി കൊള്ളണമെന്നും സമൂഹത്തിലും സഭയിലും ന്യായം വെള്ളം പോലെയും നീതി വറ്റാത്ത തോടു പോലെയും കവിഞ്ഞൊഴുകണമെന്നും പറഞ്ഞു. സമൂഹത്തിൽ നീതി നടപ്പാക്കാൻ നമ്മൾ ശ്രമിക്കുമ്പോൾ നീതിമാനായ ക്രിസ്തു നമ്മിൽ പിറക്കുകയാണെന്ന് മലങ്കര മെത്രാപ്പോലീത്ത ഓർമ്മപ്പെടുത്തി.

കർത്താവ് നമ്മുടെ കൂടെയുണ്ടെന്ന യാഥാർത്ഥ്യവും ദൈവസാന്നിദ്ധ്യവും നമ്മൾ മനസ്സിലാക്കണമെന്നും ദൈവത്തിന്റെ വചനം നമ്മുക്ക് നൽകുന്ന ശക്തിയെ കുറിച്ചും സിറോ മലബാർ സഭാധ്യക്ഷൻ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടന സന്ദേശത്തിൽ പറഞ്ഞു.

വൈദിക സെമിനാരി റെസിഡന്റ് മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. മോർ തെയോഫിലോസ് കുര്യാക്കോസ് മെത്രാപ്പോലീത്ത മുഖ്യ സന്ദേശം നൽകി. 'ന്യായം വെള്ളം പോലെയും, നീതി വറ്റാത്ത തോട് പോലെയും കവിഞ്ഞ് ഒഴുകുന്നു' (ആമോസ് 5:24) എന്ന ഈ വർഷത്തെ ചിന്താവിഷയം അഭിവന്ദ്യ മെത്രാപ്പോലീത്ത മുഖ്യ സന്ദേശത്തിൽ അവതരിപ്പിച്ചു. ദൈവത്തിൽ ആശ്രയിച്ചു കൊണ്ട് ന്യായം വെള്ളം പോലെയും, നീതി വറ്റാത്ത തോട് പോലെയും കവിഞ്ഞ് ഒഴുകുന്നു എന്ന പ്രവാചക ശബ്ദം സമൂഹത്തിലും ജീവിതത്തിലും പുലർത്തുവാൻ ഏവർക്കും കഴിയട്ടെ യെന്ന് മെത്രാപ്പോലീത്ത പറഞ്ഞു. ഫാ. മാത്യൂസ് ചാലപ്പുറം രോഗികൾക്കായി സമർപ്പണ പ്രാർത്ഥന നടത്തി. അഭി. മാത്യൂസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത സമാപന പ്രാർത്ഥന നടത്തി.

സുവിശേഷ സംഘം പ്രസിഡന്റ് അഭിവന്ദ്യ മോർ അത്താനാസിയോസ് ഏലിയാസ് മെത്രാപ്പോലീത്ത സ്വാഗത പ്രസംഗം നടത്തി. അഭിവന്ദ്യ മെത്രാപ്പോലീത്തമാരായ മോർ ഈവാനിയോസ് മാത്യൂസ്, മോർ അഫ്രേം മാത്യൂസ്, മോർ ക്രിസോസ്റ്റമോസ് മർക്കോസ്, മോർ അത്താനാസിയോസ് ഏലിയാസ്, മോർ ക്ലീമിസ് കുര്യാക്കോസ്, മോർ ഐറേനിയോസ് പൗലോസ്, മോർ അന്തോണിയോസ് യാക്കോബ്, മോർ പീലക്സിനോസ് സഖറിയാസ്, മോർ യൂലിയോസ് ഏലിയാസ്, ഡോ. മോർ അന്തിമോസ് മാത്യൂസ്, മോർ തീമോത്തിയോസ് മാത്യൂസ്, മോർ സ്തേഫാനോസ് ഗീവർഗീസ് എന്നിവരും സഭാ വൈദിക ട്രസ്റ്റി ഫാ. റോയി ജോർജ്ജ് കട്ടച്ചിറ, സഭാ അൽമായ ട്രസ്റ്റി കമാണ്ടർ തമ്പു ജോർജ് തുകലൻ, സഭാ സെക്രട്ടറി ജേക്കബ് സി. മാത്യു എന്നിവർ സംബന്ധിച്ചു. സുവിശേഷ സംഘം ജനറൽ സെക്രട്ടറി ജോർജ് മാന്തോട്ടം കോറെപ്പിസ്കോപ്പ പ്രസംഗിച്ചു. സുവിശേഷ സംഘം ഭാരവാഹികളായ വൈസ് പ്രസിഡന്റ് വന്ദ്യ ഇ.സി. വർഗീസ് കോർ എപ്പിസ്കോപ്പ, സെക്രട്ടറി ഷെവ. മോൺസി വാവച്ചൻ, ട്രഷറർ ഷെവ. തോമസ് കണ്ണടിയിൽ എന്നിവർ നേതൃത്വം നൽകി. സന്ധ്യാപ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ യാക്കോബായ സുറിയാനി സഭയുടെ 'കേനോറൊ' ഗായക സംഘം ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

# ക്രിസ്മസ് നൽകുന്നത് എളിമയുടെയും അനുരഞ്ജനത്തിന്റെയും സന്ദേശം: കർദിനാൾ മാർ ആലഞ്ചേരി

**ചങ്ങനാശേരി:** ക്രിസ്മസ് നൽകുന്നത് എളിമയുടെയും അനുരഞ്ജനത്തിന്റെയും സന്ദേശമാണെന്ന് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോന പള്ളിയിൽ ക്രിസ്മസ് സന്ദേശം നൽകുകയായിരുന്നു മാർ ആലഞ്ചേരി. നാം എന്തെല്ലാമായിരിക്കുന്നുവോ അവയെല്ലാം ദൈവത്തിൽനിന്ന് ലഭിച്ചതാണ്.

വിനയത്തോടും എളിമയോടും കൂടെനിന്ന് മറ്റുള്ളവർക്കു ശുശ്രൂഷ ചെയ്യുവാൻ വേണ്ടിയാണ് നമുക്ക് ഈ ജീവിതം നൽകിയിരിക്കുന്നതെന്നും കർദിനാൾ മാർ ജോർജ് ആലഞ്ചേരി കൂട്ടിച്ചേർത്തു. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോന പള്ളിയിൽ ക്രിസ്മസ് രാത്രി നടന്ന വിശുദ്ധകുർബാനയിൽ മാർ ജോർജ് ആലഞ്ചേരി മുഖ്യകാർമികനായി.



ചങ്ങനാശേരി അതിരൂപത വികാരി ജനറാൾ മോൺ. ആന്റണി എത്തക്കാട്ട്, സഹവികാരി ഫാ. സാവിയോ മാനാട്ട്, ഫാ. ജയിംസ് കൊക്കാവയലിൽ, ഫാ. ലൂക്കാ വെട്ടുവേലിക്കളം, ഫാ. ജോസഫ് മുണ്ടുവേലിൽ, ഫാ. പ്രകാശ് മാത്യു മറ്റത്തിൽ എന്നിവർ സഹകാർമികരായി.

# ട്വന്റി 20 കുടുംബ സംഗവും ക്രിസ്മസ് ന്യൂ ഇയർ ഫെസ്റ്റും 28 ന്

**കിഴക്കമ്പലം :** കിഴക്കമ്പലം ട്വന്റി 20 കുടുംബ സംഗവും ക്രിസ്മസ് ന്യൂ ഇയർ ഫെസ്റ്റും ഡിസംബർ 28 ന് വാർഡ് 15 ലെ പാഡിയിൽ നടക്കും വൈകുന്നേരം 6.30 ന് നടക്കുന്ന കുടുംബ സംഗമം ട്വന്റി 20 പാർട്ടി സംസ്ഥാന എക്സിക്യൂട്ടീവ് അംഗം അഡ്വ ചാർലിപോൾ ഉദ്ഘാടനം ചെയ്യും വാർഡ് പ്രസിഡന്റ് ജിജോ ജോസഫ് അദ്ധ്യക്ഷത വഹിക്കും ഡോ വർഗ്ഗീസ് ജോർജ്. ജിന്റോ ജോർജ് പഞ്ചയത്ത് പ്രസിഡന്റ് മിനി രതീഷ്. ജിൻസി അജി എന്നിവർ ആശംസാ അർപ്പിച്ച് സംസാരിക്കും വാർഡ് മെമ്പർ ഷീബ ടീച്ചർ കൃതജ്ഞത പറയും തുടർന്ന് സ്നേഹ വിരുന്നും ഗാനമേളയും ഉണ്ടായിരിക്കും

# സർട്ടിഫിക്കറ്റ് ഹാജരാക്കണം

**കൊച്ചി:** കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിലെ 60 വയസ് പൂർത്തിയാകാത്ത കുടുംബ / സാന്ത്വന ഗുണഭോക്താക്കൾ പുനർ വിവാഹിത അല്ലെന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണം. 2025 വർഷത്തെ പുനർ വിവാഹിത അല്ലെന്നുള്ള സർട്ടിഫിക്കറ്റ് 2025 ജനുവരി 20 നു മുമ്പായി ഹാജരാക്കണം. സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിൽ കാലതാമസം വന്നവർക്ക് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് മുതലുള്ള കുടുംബ സാന്ത്വന പെൻഷൻ മാത്രമേ അനുവദിക്കുകയുള്ളൂ കുടിശ്ശിക അനുവദിക്കുന്നതല്ല.
ഫോൺ :0484 2800581.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** 202425 അധ്യയന വർഷത്തിൽ പ്രധാനമന്ത്രി സ്കോളർഷിപ്പ് സ്കീമിൽ പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പുതിയ അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാത്തവർക്കായി ഡിസംബർ 30 മുതൽ 2025 ജനുവരി മൂന്നു വരെ (ഒറ്റത്തവണ) പുതിയ അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ സൈനികക്ഷേമ ആഫീസുമായി ബന്ധപ്പെടാം.
ഫോൺ: 0484 2422239.

# സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സിറ്റിംഗ് 28ന്

**കൊച്ചി:** കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ഡിസംബർ 28ന് രാവിലെ 11ന് എറണാകുളം ജില്ലാ കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സിറ്റിങ്ങ് നടത്തുന്നു. സിറ്റിങ്ങിൽ ജില്ലയിൽ നിന്നുള്ള പുതിയ പരാതികൾ സ്വീകരിക്കും. കൂടാതെ 9746515133 എന്ന വാട്ട്സ് ആപ്പ് നമ്പർ മുഖാന്തിരവും ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. ഫോൺ 8281345424.

# താൽപര്യപത്രം ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന നോർത്ത് പറവൂർ ശിശുവികസന പദ്ധതി ഓഫീസറുടെ കീഴിലെ അഞ്ച് അങ്കണവാടികളിൽ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിന് താത്പര്യപത്രം ക്ഷണിച്ചു. താൽപര്യപത്രം ജനുവരി ആറിന് വൈകിട്ട് നാലിന് മുമ്പായി നോർത്ത് പറവൂർ മിനി സിവിൽ സ്റ്റേഷൻ രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന നോർത്ത് പറവൂർ ഐസിഡിഎസ് ഓഫീസിൽ ലഭ്യമാക്കണം.ഫോൺ.: 0484 2448803.

# സംസ്ഥാനതല ചെസ് മത്സരം

**കൊച്ചി:** ദേശീയ യുവജനദിനാഘോഷത്തോടനുബന്ധിച്ച് കേരള സംസ്ഥാന യുവജന കമ്മീഷൻ യുവജനങ്ങൾക്കായി ചെസ് മത്സരം സംഘടിപ്പിക്കുന്നു. ജനുവരി നാലിന് കണ്ണൂരിലാണ് മത്സരം. ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 15,000, 10,000, 5000 രൂപയും ട്രോഫിയും ലഭിക്കും. മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന 18 നും 40 നും ഇടയിൽ പ്രായമുള്ള യുവജനങ്ങൾ ഫോട്ടോ ഉൾപ്പെടെ വിശദമായ ബയോഡേറ്റ official. skyc@gmail.com എന്ന മെയിൽ വിലാസത്തിലോ വികാസ് ഭവനിലുള്ള കമ്മീഷൻ ഓഫീസിൽ തപാൽ മുഖേനയോ (കേരള സംസ്ഥാന യുവജന കമ്മീഷൻ, വികാസ് ഭവൻ, പി.എം. ജി, തിരുവനന്തപുരം 33), നേരിട്ടോ നൽകാം. അവസാന തീയതി ഡിസംബർ 31.ഫോൺ: 04712308630.

# ടെണ്ടർ ക്ഷണിച്ചു

**മലപ്പുറം:** ജില്ലാ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി നിലമ്പൂർ പെരുമ്പടപ്പ്, പെരിന്തൽമണ്ണ ഡേ കെയർ സെന്ററുകളിലേക്ക് വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനായി കരാർ അടിസ്ഥാനത്തിൽ 2500 കി.മീ വരെ ഓടാൻ തയാറുള്ള, മൂന്നു വർഷത്തിൽ കവിയാത്ത രജിസ്ട്രേഷൻ ഉള്ള വാഹനഉടമകളിൽ നിന്ന് വാഹനങ്ങൾ ലഭ്യമാക്കുന്നതിന് ടെണ്ടറുകൾ ക്ഷണിച്ചു. ജനുവരി 10 ന് രാവിലെ 11 മണി വരെ ടെണ്ടർ സ്വീകരിക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY




# കലൂർ കൈലാസമാകും; 12000 നർത്തകരുടെ ഭരതനാട്യം 29ന്

**കൊച്ചി:** ദൃശ്യ ശ്രാവ്യ കലാ രംഗത്ത് പുതിയ സംസ്ക്കാരം സൃഷ്ടിച്ച മൃദംഗ വിഷന്റെ നേതൃത്വത്തിൽ നടക്കുന്ന 12000 നർത്തകരുടെ ഭരതനാട്യത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി സംഘാടകർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഡിസംബർ 29ന് വൈകിട്ട് കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തിലാണ് 12000 ഭരതനാട്യം നർത്തകർ ചുവടുവെയ്ക്കുക.മയിൽക്കൂട്ടം പറന്നിറങ്ങിയതു പോലെ നിറപ്പകിട്ടാർന്ന ദൃശ്യത്തിന് കൈലാസം എന്നാണ് സംഘാടകർ നൽകിയിരിക്കുന്ന തീം. ഈ ഭരതനാട്യ മെഗാ ഈവന്റ്ലൂടെ ഭാരതീയ നൃത്തരംഗത്തെ സ്വർഗ്ഗീയ വിരുന്നൊരുക്കുകയാണ് സംഘാടകരുടെ ലക്ഷ്യം.സാംസ്ക്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും.

പത്മശ്രീ കൈതപ്രം ദാമോദരൻ നമ്പൂതിരിയുടെ വരികൾക്ക് മകൻ ദീപാങ്കുരൻ സംഗീതം നൽകി പിന്നണി ഗായകൻ അനൂപ് ശങ്കർ ആലപിച്ച ഗാനത്തിന് അനുസൃതമായാണ് ചലച്ചിത്ര താരം ദിവ്യാ ഉണ്ണിയുടെ നേതൃത്വത്തിൽ നർത്തകർ ചുവടുവെയ്ക്കുക. കല്ല്യാൺ സിൽക്സിന്റെ നെയത്ത് ഗ്രാമങ്ങളിൽ ഡിസൈൻ ചെയ്ത നീല നിറത്തിലുള്ള ആർട്ട്സിൽക്ക് സാരി അണിഞ്ഞ് 12000 ഭരതനാട്യ നർത്തകർ ഒന്നിച്ചു ചുവടുവെയ്ക്കുന്നത് ഗിന്നസ് ലോകറെക്കോർഡിന് വഴിയൊരുക്കുമെന്നാണ് സംഘാടകർ പ്രതീക്ഷിക്കുന്നത്. പരിപാടിയോടനുബന്ധിച്ച് കേരളത്തിലെ നൃത്തരംഗത്തിന് സമഗ്രസംഭാവനകൾ നൽകിയ കലാമണ്ഡലം, കലാക്ഷേത്ര, ആർഎൽവി, ലാസ്യ തുടങ്ങിയിടങ്ങളിലെ ഗുരുക്കന്മാരെ ജോയ് ആലുക്കാസ് ആദരിക്കും. ചലച്ചിത്ര താരവും പരസ്യചിത്ര സംവിധായകനുമായ സിജോയ് വർഗ്ഗീസാണ് മൃദംഗവിഷന്റെ ചീഫ് പാട്രൺ. പരിപാടിക്ക് മാറ്റുകൂട്ടാൻ പരീസ് ലക്ഷ്മിയും സംഘവും അവതരിപ്പിക്കുന്ന നൃത്തവും വിദ്യാഉണ്ണി, ഋതു മന്ത്ര, ഉത്തരാ ഉണ്ണി, ദേവി ചന്ദന തുടങ്ങിയ പ്രഗത്ഭരുടെ നൃത്തപ്രകടനങ്ങളും അരങ്ങേറും.

നൃത്ത വിദ്യാലയങ്ങളിലെ 550 ഗുരുക്കന്മാരും ശിഷ്യഗണങ്ങളും ആറുമാസത്തോളം കഠിന പ്രയത്നം നടത്തിയാണ് പരിപാടിക്കായി തയ്യാറെടുത്തത്. ജി സി സി, ആസ്ട്രേലിയ, യു കെ, യു എസ് എ, കാനഡ തുടങ്ങിയവ ഉൾപ്പെടെ അമ്പതോളം രാജ്യങ്ങളിൽ നിന്നുള്ള നർത്തകരാണ് പങ്കെടുക്കുന്നത്. ഇന്ത്യയിൽ കേരളത്തിന് പുറമേ മുംബൈ, ബെംഗളൂരു, ഹൈദരബാദ്, ചെന്നൈ തുടങ്ങിയ ഇടങ്ങളിൽ നിന്നും മലയാളി നർത്തകരെത്തും.

ഏഴ് വയസ്സിന് മുകളിൽ പ്രായമുള്ള നൃത്തത്തെ സ്നേഹിക്കുന്ന ലിംഗഭേദമന്യേയാണ് മൃദംഗനാദം ഭരതനാട്യത്തിൽ പങ്കെടുക്കുന്നത്. ഏറെ മുതിർന്ന പ്രായമുള്ളവരും നർത്തകരായുണ്ട് എന്നത് പരിപാടിയുടെ പ്രത്യേകതയാണ്.

വൈകിട്ട് മൂന്ന് മണി മുതൽ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലെ വേദിയിലേക്ക് പ്രവേശനം അനുവദിക്കും. ആറുമണിയോടെ കലാസന്ധ്യ ആരംഭിക്കും. പരിപാടിയിൽ പങ്കെടുക്കാനെത്തുന്ന ഭരതനാട്യം നർത്തകർക്ക് കൊച്ചി മെട്രോയിൽ യാത്രാ ഇളവ് ലഭിക്കും.

കൂടുതൽ പേർക്ക് മികച്ച പരിപാടി കാണാൻ സൗകര്യമൊരുക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി 149 രൂപ മാത്രമാണ് ടിക്കറ്റ് നിരക്ക് ഈടാക്കുന്നത്. ടിക്കറ്റുകൾ ബുക്ക് മൈ ഷോയിലൂടെ ലഭ്യമാണ്.

ചലച്ചിത്ര താരവും നർത്തകിയുമായ ദിവ്യാ ഉണ്ണി, മൃദംഗവിഷൻ ചീഫ് പാട്രൺ സിജോയ് വർഗ്ഗീസ്, നിഘോഷ് കുമാർ, ഷമീർ എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# ആഗോള എക്സ്പോ 2025: ആധുനിക സാങ്കേതിക വിദ്യയുായി ലെക്സസ് ഇന്ത്യ

**കൊച്ചി:** ഭാരത് മൊബിലിറ്റി ആഗോള എക്സ്പോയുടെ ഭാഗമായി ആഡംബര വാഹനവിപണിയിൽ മൊബിലിറ്റിയും വൈദ്യുതീകരണവും ആധുനിക സാങ്കേതികവിദ്യയും അവതരിപ്പിക്കാനൊരുങ്ങി ലെക്സസ് ഇന്ത്യ. 'ആഡംബരം വ്യക്തിഗതമാക്കുക' എന്ന തീമാണ് എക്സ്പോയിൽ ലെക്സസ് അവതരിപ്പിക്കുന്നത്. എക്സ്പോയിൽ ആഡംബര വാഹനവിപണിയിലെ ആധുനികതയും സുസ്ഥിര മൊബിലിറ്റിയും അവതരിപ്പിക്കാനാണ് ലെക്സസ് ഒരുങ്ങുന്നത്.

ലെക്സസിന്റെ ഏറ്റവും പുതിയ മോഡലുകളിൽ ഉൾപ്പടെ നൂതന ഹരിത സാങ്കേതികവിദ്യയാണ് ആവിഷ്കരിച്ചിരിക്കുന്നത്.

ഡിസൈനിലെ വൈദഗ്ധ്യം, നവീനത എന്നിവയാൽ ശ്രദ്ധേയമായ ലെക്സസിന്റെ മോഡലുകൾ വാഹനനിർമ്മാണത്തിൽ മൊബിലിറ്റിയും വൈദ്യുതീകരണവും നടപ്പിലാക്കുന്നു. ഭാരത് മൊബിലിറ്റി ആഗോള എക്സ്പോ 2025 ൽ, പരിസ്ഥിതി അവബോധമുള്ളതും ആഡംബരവുമായ ഡ്രൈവിംഗ് അനുഭവം സൃഷ്ടിക്കുന്നതിൽ ഊന്നൽ നൽകുമെന്ന് ലെക്സസ് അറിയിച്ചു.

എകസ്പോയിൽ ഉപഭോക്താക്കളുടെ മാറിയ അഭിരുചികളെ തൃപ്തിപ്പെടുത്തുന്ന ആകർഷകമായ ഡിസൈൻ, ആഡംബരത്തിന്റെ അപ്ഗ്രേഡിംഗ്, നവീനത എന്നിവ പ്രതിഫലിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിൽ അഭിമാനമുണ്ടെന്ന് ലെക്സസ് ഇന്ത്യ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് തന്മയ് ഭട്ടാചാര്യ പറഞ്ഞു.

# ഇൻഡോ ഫാം എക്യുപ്മെൻറ് ലിമിറ്റഡ് ഐപിഒ ഡിസംബർ 31 മുതൽ

**കൊച്ചി:** ഇൻഡോ ഫാം എക്യുപ്മെൻറ് ലിമിറ്റഡിൻറെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 ഡിസംബർ 31 മുതൽ 2025 ജനുവരി രണ്ട് വരെ നടക്കും. 86 ലക്ഷം പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടറുടെ 35 ലക്ഷം ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പത്ത് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 204 രൂപ മുതൽ 215 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 69 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 69 ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം.ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ആര്യമാൻ ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.

# ഫോക്ലോർ ഫെസ്റ്റിൽ പുതുവത്സരാഘോഷം നാളെ മുതൽ

**വൈപ്പിൻ:** കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഫോക്ലോർ ഫെസ്റ്റിന്റെ ഭാഗമായി പുതുവത്സരാഘോഷം ഡിസംബർ 28,29,30 തീയതികളിൽ നടത്തും.കുഴുപ്പിള്ളി ബീച്ച്, എടവനക്കാട് പുളിക്ക നാട്ടു ഹാൾ , ചെറായി ബീച്ച് എന്നിവിടങ്ങൾ വേദിയാകും.ഡിസംബർ 28 ന് കുഴുപ്പിള്ളി ബീച്ചിൽ വൈകുന്നേരം 3.30 ന് മനോഹരമായ ഘോഷയാത്രയോടെ പുതുവത്സരാഘോഷത്തിന് തുടക്കമാകും. തുടർന്ന് നടക്കുന്ന സംസ്കാരിക സമ്മേളനം പഞ്ചായത്ത് പ്രസിഡന്റും ഫോക്ലോർ ഫെസ്റ്റ് ജനറൽ കൺവീനറുവായ കെ എസ് നിബിന്റെ അധ്യക്ഷതയിൽ കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎയും രാജു നാരായണ സ്വാമി ഐ എ എസും ചേർന്ന് ഉദ്ഘാടനം ചെയ്യും. .

നാലുമണിക്ക് സംസ്ഥാനതല ബീച്ച് ജൂഡോ ചാമ്പ്യൻഷിപ്പ് നടക്കും. ഏഴു മണിക്ക് നാടൻ നൃത്തരൂപമായ മടാട്ട് നൃത്തം കുളത്തൂപ്പുഴ തനത് കലാസംലം അരങ്ങിലെത്തിക്കും. തുടർന്ന് ഗാനമേള.ഡിസംബർ 29 നു രാവിലെ പത്തു മുതൽ എടവനക്കാട് പുളിക്കനാട്ട് ഹാളിൽ ഇശൽ ഫെസ്റ്റ് ചലച്ചിത്ര നടൻ മജീദ് ഉത്ഘാടനം ചെയ്യും. കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎയും പ്രസിദ്ധ മാപ്പിളപ്പാട്ട് കലാകാരൻ റഷീദ് മോങ്ങവും വിശിഷ്ടാതിഥികളാകും. ജനകീയ കലാരൂപങ്ങളായ ഒപ്പന, കോൽക്കളി, മാപ്പിളപ്പാട്ട് എന്നിവയിൽ സംസ്ഥാന തല മത്സരം നടക്കും. കുഴുപ്പിള്ളി ബീച്ചിൽ ഉച്ച കഴിഞ്ഞു 2 മുതൽ ബീച്ച് വടംവലി, ബീച്ച് ഗുസ്തി മത്സരങ്ങൾ.5.30 മുതൽ വാവയുടെ ഗാനാഞ്ജലി. 6.30 നു വയനാട് വെള്ളയ്യാങ്കണി പളിയ അവതരിപ്പിക്കുന്ന പരമ്പരാഗത നൃത്തമായ പളിയ നൃത്തം അരങ്ങേറും. തുടർന്ന് കോപ്പാ പോയട്രി ബാൻഡിന്റെ അത്യാകർഷക കൊട്ടും പാട്ടും പറച്ചിലും.30 ന് ചെറായി ബീച്ചിൽ വൈകിട്ട് 6.30 മുതൽ തനത്, നാടൻ കലാരൂപമായ ഗദ്ദിക വയനാട് പി കെ കാളൻ ഗോത്രകല അവതരിപ്പിക്കും. കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ സന്നിഹിതനാകും.

# ഒല സ്റ്റോറുകളുടെ എണ്ണം 4000 ആയി

**കൊച്ചി:** ഒല ഇലക്ട്രിക് സ്കൂട്ടറുകൾക്കായി ഈ വർഷം രാജ്യത്താകെ പുതിയ 3,200 സ്റ്റോറുകൾ തുറന്നു. ഇതോടെ ഒല സ്റ്റോറുകളുടെ എണ്ണം 4000 ആയി ഉയർന്നു.

ഇലക്ട്രിക് വാഹന മേഖലയിലെ സർവകാല റിക്കാർഡാണിത്. പുതുതായി കൂടുതൽ രണ്ടാംനിര, മൂന്നാംനിര നഗരങ്ങളിൽക്കൂടി ഒലയുടെ സ്റ്റോറുകൾ തുറക്കുകയാണ്. സ്റ്റോറുകൾക്കൊപ്പം സർവീസ് സെൻററുകളുമുണ്ട്. ഒല വികസനത്തിൻറെ ഭാഗമായി എറണാകുളം കരിങ്ങാച്ചിറയിലും സ്റ്റോർ തുറന്നിട്ടുണ്ടെന്ന് അധികൃതർ അറിയിച്ചു.

# പി.എഫ് കമ്മീഷൻ പെൻഷൻ അദാലത്ത്

**കൊച്ചി :** 2025 ജനുവരി 10 ന് കൊച്ചി റീജിയണൽ പി. എഫ് കമ്മീഷണർ പെൻഷൻ അദാലത്ത് ഓൺലൈൻ മീറ്റ് വഴി 03.00 ജങ മുതൽ നടത്തും. പെൻഷൻ അദാലത്തിൽ ഓൺലൈൻ മീറ്റു വഴി പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ അവരുടെ യു.എ.എൻ (ഡഅച), പി.എഫ് അക്കൗണ്ട് നമ്പർ/പി.പി.ഓ നമ്പർ, മൊബൈൽ നമ്പർ, ആധാർ നമ്പർ, ഇമെയിൽ ഐഡി, പരാതി വിശദാംശങ്ങൾ എന്നിവ സഹിതം 31/12/2024 ന് മുൻപ് ഇനിപ്പറയുന്ന ഇമെയിൽ വിലാസത്തിലേക്ക് അപേക്ഷ സമർപ്പിക്കണം. ഇമെയിൽ അയക്കുമ്പോൾ വിഷയത്തിൽ 'പെൻഷൻ അദാലത്ത്' എന്നു പ്രത്യേകം പരാമർശിക്കേണ്ടതാണ്.




# എഎഎഫ് ഏറ്റെടുത്തത് വിജയകരമെന്ന് മുത്തൂറ്റ് ഫിനാൻസ്

**കൊച്ചി:** ശ്രീലങ്കൻ സബ്സിഡിയറി ആയ ഏഷ്യ അസറ്റ് ഫിനാൻസ് പിഎൽസി (എഎഎഫ്) 2014ലെ ഏറ്റെടുക്കലിന് ശേഷമുള്ള ഒരു ദശാബ്ദത്തെ ലാഭകരമായ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയതായി മുത്തൂറ്റ് ഫിനാൻസ് മാനേജിങ് ഡയറക്ടർ ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ആകെ 5705 ദശലക്ഷം രൂപയുടെ വായ്പാ ആസ്തികൾ കൈകാര്യം ചെയ്യുന്ന എഎഎഫിൽ മുത്തൂറ്റ് ഫിനാൻസിന് 72.92 ശതമാനം വിഹിതമാണുള്ളത്.ശ്രീലങ്കൻ ഓഹരി വിപണിയിൽ ലിസ്റ്റു ചെയ്തിട്ടുള്ള എഎഎഫിന് രാജ്യത്തുടനീളമായി നൂറിലേറെ ബ്രാഞ്ചുകളാണുള്ളത്. 2024 സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിന്റെ 54 വർഷത്തെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന നികുതിക്കു ശേഷമുള്ള ലാഭമായ 95.61 മില്യൺ രൂപ (344.2 എൽകെആർ) എന്ന നേട്ടം കൈവരിക്കുകയുണ്ടായി. ശ്രീലങ്കയിലെ ഫിച്ച് റേറ്റിങിൽ നിന്ന് 2024 മാർച്ചിൽ എഎഎഫ് എ പ്ലസ് സ്റ്റേബിൾ ഔട്ട്‌ലുക്ക് റേറ്റിങ് കരസ്ഥമാക്കി തങ്ങളുടെ സ്ഥിതി കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്തുവെന്ന് ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.

തങ്ങളുടെ സ്വർണ പണയ വായ്പകൾ 2019 സാമ്പത്തിക വർഷത്തിനും 2023 സാമ്പത്തിക വർഷത്തിനുമിടയിൽ നാലു മടങ്ങു വർധിച്ചു. സാമ്പത്തിക മേഖലയിലെ സ്വർണ പണയത്തിന്റെ വിഹിതം ഇതിലൂടെ നാലു ശതമാനത്തിൽ നിന്നു 18 ശതമാനമായി ഉയർത്തുകയും ചെയ്തു. ഹ്രസ്വകാല വായ്പകൾക്കായുള്ള ആവശ്യം വർധിച്ചു വരുന്നതും സ്വർണത്തിൻറെ പണയപ്പെടുത്തുന്നതിനും പണം ലഭ്യമാക്കാനും ഉള്ള കഴിവുകളും പണം തിരിച്ചെടുക്കാൻ വായ്പാ ദാതാക്കൾക്ക് എളുപ്പത്തിൽ കഴിയുന്നതും ഈ വളർച്ചയെ ത്വരിതപ്പെടുത്തി.സ്വർണ പണയ വായ്പയ്ക്ക് ഒപ്പം എഎഎഫിലൂടെ ബിസിനസ് വായ്പകൾ, മൈക്രോ മോർട്ട്ഗേജ് വായ്പകൾ, വാഹന വായ്പകൾ തുടങ്ങിയവയും നൽകുന്നതിലൂടെ മുത്തൂറ്റ് ഫിനാൻസ് ശ്രീലങ്കയിലെ 23 ലക്ഷം ഉപഭോക്താക്കളെയാണ് ഔപചാരിക സാമ്പത്തിക സേവനങ്ങൾ നേടാനും വായ്പാ ചരിത്രം വളർത്തിയെടുക്കാനും പിന്തുണച്ചത്. പ്രതികൂലമായ സാമ്പത്തിക പശ്ചാത്തലങ്ങൾക്കിടയിലും ഏഷ്യ അസറ്റ് ഫിനാൻസിനെ ശ്രീലങ്കയിലെ സാമ്പത്തിക വളർച്ചയുടെ എഞ്ചിൻ ആക്കി മാറ്റാൻ കഴിയുന്നത് തങ്ങളുടെ ബിസിനസ് മാതൃകയുടെ ശക്തിയും വലുപ്പവുമാണ് ചൂണ്ടിക്കാട്ടുന്നത്. എഎഎഫിൻറെ സുസ്ഥിര വളർച്ച മുത്തൂറ്റ് ഫിനാൻസിൻറെ ആഗോള, മൊത്ത വളർച്ചാ പദ്ധതികളെ കൂടുതൽ ശക്തമാക്കുന്നുമുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഏഷ്യ അസറ്റ് ഫിനാൻസിൻറെ വിജയം തങ്ങളുടെ ബിസിനസ് മാതൃകയുടേയും ഏതു മേഖലയിലും മൂല്യങ്ങൾ നൽകാനുള്ള തങ്ങളുടെ കഴിവിൻറേയും ശക്തിയാണു തെളിയിക്കുന്നത്. ഈ നാഴികക്കല്ല് ആഗോള തലത്തിലെ വളർച്ച മാത്രമല്ലെന്നും ഇന്ത്യയിലെ വിജയഗാഥ പിന്തുടർന്ന് ആഗോള തലത്തിൽ വിശ്വാസ്യതയും ശാക്തീകരണവും എത്തിക്കൽ കൂടിയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഒ ബൈ താമരയിൽ തീംഡ് ഡിന്നർ നൈറ്റ്

**തിരുവനന്തപുരം:** ഡിസംബർ 26 മുതൽ 30 വരെ അതിമനോഹരമായ തീം ഡിന്നറുകളുമായി ഒരു പാചക യാത്ര ആരംഭിക്കാൻ ഒ ബൈ താമര ട്രിവാൻഡ്രം. ഇതിലൂടെ എല്ലാ ദിവസങ്ങളിലും വ്യത്യസ്തമായ പാചകരീതികൾ വാഗ്ദാനം ചെയ്യുകയാണ് ഒ ബൈ താമര. ഇതോടൊപ്പം ഡിസംബർ 24 മുതൽ 31 വരെ ഒ കഫേയിലും ടേക്ക് ഓഫിലും ഒരു ആഴ്ചക്കാലം ലൈവ് പെർഫോമൻസുകളും ഉണ്ടായിരിക്കുന്നതാണ്.ഒ കഫേയിൽ, മുതിർന്നവർക്ക് 2199++ രൂപയും കുട്ടികൾക്ക് 1199++ രൂപയുമാണ് നിരക്ക്. പ്രത്യേക ഓഫറായ ടേബിൾ ഡി ഹോട്ട് മെനു, മുതിർന്നവർക്ക് 2600++ രൂപയ്ക്കും കുട്ടികൾക്ക് 1599++ രൂപ നിരക്കിൽ ടേക്ക് ഓഫിൽ ലഭ്യമാവും.കൂടാതെ, ഒ കഫേയിൽ ഡിസംബർ 24 മുതൽ 31 വരെ ഉച്ചയ്ക്ക് 12:30 മുതൽ 3:00 വരെ ലഞ്ചിന് മുതിർന്നവർക്ക് 1699++ രൂപയും കുട്ടികൾക്ക് 1199++ രൂപയുമാണ് നിരക്ക്.

# ജയ്പൂർ ജ്വല്ലറി ഷോ സമാപിച്ചു

**കൊച്ചി :** നാല് ദിവസത്തെ 'ദി ഡിസംബർ ഷോ' ജയ്പൂർ ജ്വല്ലറി ഷോ (ജെജെഎസ്) ഗ്രാൻഡ് ഫിനാലെയോടെ സമാപിച്ചു.ജെഇസിസിയിൽ നടന്ന പരിപാടിയിൽ 50,000ത്തോളം വരുന്ന സന്ദർശകർക്കും ട്രേഡേർസും പങ്കാളികളായി. മുൻവർഷങ്ങളിലേതു പോലെ, സംഘാടകരും പ്രദർശകരും തങ്ങൾക്ക് ലഭിച്ച ക്രിയാത്മകവും ആവേശകരവുമായ പ്രതികരണങ്ങളിൽ സംതൃപ്തരായി, ഇത് ഷോയുടെ മറ്റൊരു വിജയകരമായ എഡിഷൻ കൂടി അടയാളപ്പെടുത്തി. ശ്രദ്ധേയമായ നേട്ടങ്ങൾ വീണ്ടും വീണ്ടും എടുത്തുപറഞ്ഞ ഒരു സമാപനചടങ്ങോടെയാണ് പരിപാടി അവസാനിച്ചത്.




# വൻ ഓഫറുകളുമായി ലൈഫ് സ്റ്റൈൽ സെയിൽ ഓഫ് ദ സീസൺ

കൊച്ചി: രാജ്യത്തെ മുൻനിര ഫാഷൻ ഡെസ്റ്റിനേഷനായ ലൈഫ്സ്റ്റൈൽ സെയിൽ ഓഫ് ദി സീസൺ പ്രഖ്യാപിച്ചു. ലൈഫ്സ്റ്റൈൽ വിൽപ്പനയുടെ ഭാഗമായി ഉപഭോക്താക്കൾക്ക് 50 ശതമാനം വരെ ഡിസ്കൗണ്ട് ലഭിക്കും. 'ലീവ് നത്തിംഗ്' എന്ന ആശയത്തിലാണ് ലൈഫ്സ്റ്റൈൽ വിൽപ്പന നടക്കുന്നത്. പാർട്ടി മുതൽ കാഷ്വൽ, ഫ്യൂഷൻ ലുക്കുകൾ വരെയുള്ള എല്ലാ വേളകൾക്കും അനുയോജ്യമായ സ്റ്റൈലിഷും ട്രെൻഡിയുമായ വസ്ത്രങ്ങൾ ഇവിടെ ലഭ്യമാണ്.

പുരുഷന്മാർക്കായി റിഫ്ലക്റ്റീവ് ജാക്കറ്റുകൾ, ടിഷർട്ടുകൾ, ട്രെൻഡി ഡെനിം, കാർഗോകൾ, പാർട്ടി ബ്ലേസറുകൾ, പ്രിന്റ് ഷർട്ടുകൾ എന്നിവയുടെ വിപുലമായ ശേഖരവും ഒരുക്കിയിട്ടുണ്ട്. ഓൺലി, വെറോ മോഡ, ബിബ, മെലാഞ്ച്, ജാക്ക് & ജോൺസ്, അമേരിക്കൻ ഈഗിൾ, ലെവിസ്, പാർക്ക് അവന്യൂ, കോഡ്, പ്യൂമ, സ്കെച്ചേഴ്സ്, കപ്പ, ജിഞ്ചർ, ഫെയിം ഫോറെവർ, ടോമി ഹിൽഫിഗർ തുടങ്ങിയ ബ്രാൻഡുകൾ വൻവിലക്കുറവിൽ ലഭിക്കും. ഗ്രാൻഡ്മാൾ, ഇടപ്പള്ളി, ഫോറം മാൾ, മരട് എന്നിവിടങ്ങളിലെ എല്ലാ ലൈഫ് സ്റ്റൈൽ സ്റ്റോറുകളിലും ഓൺലൈനിലും ലൈഫ് സ്റ്റൈൽ അപ്ലിക്കേഷനിലൂടെയും വസ്ത്രങ്ങൾ വാങ്ങാം.